# ശാംഭവി

ത്രൈമാസിക

**Book 9 | Ocober - December 2020 | Edition 4**



# പത്രാധിപക്കുറിപ്പ്

ഈശ്വരൻ എല്ലാ ജീവികളുടെയും പൂർണ്ണരൂപത്തിലും അവതരിച്ചിട്ടുള്ളതായി പുരാണേതിഹാസങ്ങൾ കാണിച്ചു തന്നിട്ടുണ്ട്. എല്ലാ വർണ്ണങ്ങളിലും പെട്ട മനുഷ്യരായും അവതരിച്ചതായി പറയുന്നു. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. മനുഷ്യർക്ക് ഏതു രൂപത്തിലും ഈശ്വരനെ കാണുവാനും ആരാധിക്കാനും സാധിച്ചിരുന്നു. കൂടാതെ ക്രമത്തിൽ ലോകം മുഴുവനും ഈശ്വരനാൽ ആവസിതമാണെന്ന അനുഭവതലത്തിലെത്താനും മനുഷ്യർക്ക് സാധിച്ചിരുന്നു എന്നതിന്റെ തെളിവായി ഇവിടെ ഉപനിഷത്ത് മന്ത്രങ്ങളും ഹരിനാമകീർത്തനം പോലുള്ള കൃതികളും ആവിർഭവിച്ചിട്ടുണ്ട്. കൂടാതെ ഈശ്വരനെ വിശ്വാത്മകമായി കാണാൻ സാധിച്ചപോലെ വിശ്വോത്തീർണ്ണമായും കാണാൻ സാധിച്ചിരുന്നു. ലോകത്തിലെ ഏതൊരു വസ്തുവിലും ഈശ്വരനെ ദർശിക്കുക എന്നത് ചെറിയൊരു കാര്യമല്ല. അവനവന്റെ ശ്രേയസ്സിന്റെ മാത്രമല്ല ഉത്തമവും പ്രായോഗികവുമായ ജീവിതം നയിക്കുവാൻ എല്ലാ ജീവികളെയും അവയോടുള്ള കടപ്പാട് മനസ്സിലാക്കുകയും അവരിൽ നിന്ന് പലതും പഠിക്കുകയും വേണം. ഒരു സുഭാഷിതം കേട്ടിട്ടുണ്ട് അതിപ്രകാരം –

ബഹ്വാശീ ഹ്യല്പസന്തുഷ്ടഃ സുനിദ്രഃ ശ്ഘ്രചേതനഃ
പ്രഭുഭക്തശ്ച ശൂരശ്ച ജ്ഞാതവ്യാഃ ഷട് ശുനോ ഗുണാഃ

നന്നായി അവനവന് ആവശ്യമുള്ള അത്രയും ഭക്ഷണം കഴിക്കും. യാദൃച്ഛികമായി കിട്ടിയതുകൊണ്ട് സന്തോഷിക്കും. നല്ല ഉറക്കം, പെട്ടെന്ന് ഉണരും, സ്വാമിഭക്തി, ശൂരത്വം എന്നിവയെല്ലാം ആണ് എന്ന് ഇതിൽ പറയുന്നു.

പുസ്തകം 9 ലക്കം 4
ഒക്ടോബർ – ഡിസംബർ 2020

വരിസംഖ്യ സൌജന്യം

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ – 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ് കുമാർ
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
കെ.പി. ശ്രീധരൻ നമ്പൂതിരി

മുഖചിത്രം : നരസിംഹം
അർച്ചന ഉണ്ണി കൊണ്ടമറുക്

പുറംചട്ട രൂപകല്പന
ഉണ്ണി കൊണ്ടമറുക്

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ

മുദ്രണം
മമ ഓഫ് സെറ്റ് പ്രിന്റ്
നട, **ഇരിങ്ങാലക്കുട**

# വിഷയവിവരം

1. വിഘ്നേശ്വരമാനസികം
2

2. സംസ്കൃതപഠനം (43)
5

3. കുട്ടികളുടെ വാല്മീകിരാമായണം (24)
8

4. ഔഷധസസ്യങ്ങൾ (30)
തഴുതാമ
10

5. നരസിംഹസ്തുതി
11

6. ലളിതാസഹസ്രനാമം (33)
15

7. സ്തുതികുസുമാഞ്ജലി (3)
19

8. പരമാർത്ഥസാരം (11)
24

9. കാശ്മീരശൈവസമ്പ്രദായം (10)
27

# വിഘ്നേശ്വരമാനസികം

സമ്പാദക : അപർണ്ണാദേവി എ.

*കണ്ഠേ കരേ ശിരസി തേ മണിനിഷ്കഭൂഷാം*
*രത്നാചിതം ച കടകം മകുടം മണീദ്ധം*
*അംഗേഖിലേ കനകഭൂഷണജാലകാനി*
*ഭക്ത്യാ സഹൈവ ഘടയേ കരടേന്ദ്രവക്ത്ര*

**സാരം :** കയ്യിലും കഴുത്തിലും ശിരസിലും കൂടാതെ ശരീരമാസകലവും രത്നം പതിച്ച വള തോൾവള കിരീടം എന്നിവയും സ്വർണ്ണനിർമ്മിതമായ ആഭരണങ്ങൾ എന്നിവയും ഭക്തിപൂർവ്വം അല്ലയോ ഗജാനന ഞാൻ ചാർത്താം.

*നക്ഷത്രപങ്ക്തിനിഭമൗക്തികരാജിരാജ-*
*മാനാഞ്ചലം ചരസുധാകരമണ്ഡലാഭം*
*ശ്വേതാതപത്രമതിചിത്രമിഭേന്ദ്രവക്ത്ര*
*മൂർധ്വോപരി സ്ഫുടതരം തവ ധാരയാമി.*

**സാരം :** നക്ഷത്രനിരയുടെ ശോഭയാകുന്ന മുത്തിൻ കൂട്ടത്തോട് കൂടിയത് പോലുള്ളതും നീങ്ങുന്ന ചന്ദ്രമണ്ഡലശോഭയോട് കൂടിയതും മനോഹരമായതുമായ വെളുത്ത കുട അല്ലയോ ഗജാനന അങ്ങയുടെ തലയ്ക്ക് മീതേ പിടിയ്ക്കാം.

*ചാമീകരസ്ഫുരിതരത്നവിചിത്രദണ്ഡൗ*
*ചാരുപ്രഭാളിരുചിരൗ തവ ചാമരൗ ദ്വൗ*
*സ്നാനക്ഷണാവസരധർമപയഃകണാർദ്രേ*
*സംചാലയാമി ഗജവക്ത്ര മുഖേ കരാഭ്യാം*

**സാരം :** സ്വർണ്ണം, രത്നം എന്നിവയുള്ള മനോഹരദണ്ഡിൽ നിർമ്മിച്ചതും മനോഹര വണ്ടിൻ പ്രഭയാർന്നതുമായ അങ്ങയുടെ രണ്ട് ചാമരങ്ങളെ കുളി കഴിഞ്ഞ അവസരത്തിലെ ജലകണങ്ങളാൽ ആർദ്രമായ മുഖത്തിൽ വീശാം.

*നൃനം ച രത്നചരമാങ്ഗമുദാരമഗ്രേ*
*രൂപോദ്വഹം ച മണിദർപണമർപയാമി*

*ഭാദർപദർപകവപൂർജയനീം തവാദ്യ*
*കല്യാണമൂർതിമിഭവക്ത്ര വിലോകയാത്ര*

**സാരം :** രത്നനിർമ്മിതവും അതിശ്രേഷ്ഠവുമായ രൂപത്തെ പ്രദർശിപ്പിയ്ക്കുന്നതുമായ മണിദർപ്പണത്തെ ഞാൻ അർപ്പിയ്ക്കുന്നു. സർവ്വസൗന്ദര്യത്തെയും ജയിയ്ക്കുന്ന അല്ലയോ അങ്ങയുടെ മംഗളസ്വരൂപത്തെ ഈ കണ്ണാടിയിൽ നോക്കിയാലും.

*അങ്ഗാരസങ്ഗസുരഭിം സുരഭി പ്രജാത-*
*ഹൈയങ്ഗവീനഘൃതയുക്തദശാങ്ഗധൂപം*
*ഘ്രാണേന്ദ്രിയപ്രിയകരം പരിജിഘ്ര ശീഘ്രം*
*ഭക്ത്യർപിതം ഗജമുഖ പ്രിയഗന്ധ ദേവ.*

**സാരം :** അല്ലയോ ഗജാനന ഗന്ധം പ്രിയമുള്ളവനെ ഭക്തിയാൽ അർപ്പിയ്ക്കപ്പെട്ടതും ഘ്രാണേന്ദ്രിയത്തിന് പ്രിയം ചെയ്യുന്നതും കനലിൽ എരിയുന്നതും വെണ്ണ, നെയ്യ് എന്നിവയോട് ചേർന്ന ദശാങ്ഗചൂർണ്ണമിട്ട് പുകച്ചതുമായ ധൂപത്തെ വേഗം വാസനിച്ചാലും.

*ബാഹ്യാന്ധകാരഗുണബന്ധനലോകബന്ധു-*
*മാജ്യാഢ്യപാത്രകൃതവർതിസമുജ്ജ്വലം തേ*
*ത്രൈലോക്യഗാഢതിമിരാപഹഭാസി വക്ത്രേ*
*സംദർശയാമി ധുരി ദീപമിഭേന്ദ്രവക്ത്ര*

**സാരം :** പുറമെയുള്ള ഇരുട്ടിനെ കളയുന്നതുകൊണ്ട് ലോകർക്ക് ബന്ധുവും നെയ്യിനാൽ സമുജ്ജ്വലവും മൂന്ന് ലോകത്തെയും കട്ടികൂടിയ ഇരുട്ടിനെ കളയുന്നതുമായ ദീപത്തെ അല്ലയോ ഗജാനന ഞാൻ കാണിയ്ക്കാം.

*മോചദധിത്ഥപനസാമ്രഫലാദിയുക്തം*
*ഭക്ഷൗഘശഷ്കുലിസലഡ്ഡുകമോദകാഢ്യം*
*സൗവർണവർണസമസൂപഘൃതൗഘപൂർണം*
*ശാല്യന്നമേതദുപഭുങ്ക്ഷ്വ ഗജാസ്യ ചാരു*

**സാരം :** അല്ലയോ ഗജാനന ചക്ക, മാങ്ങാ തുടങ്ങിയ പഴങ്ങളോടും ലഡ്ഡു ജിലേബി തുടങ്ങിയ മധുരപലഹരങ്ങളോടും കൂടി സ്വർണ്ണപാത്രത്തിൽ തരുന്നതായ അതിസ്വാദിഷ്ടമായ ശാല്യന്നം ( ചോറ്) കഴിച്ചാലും.

*ഏലാലവങ്ഗസുമചമ്പകകുഡ്മലാഗ്ര-*
*കർപൂരവാസിതമുദാരമുശീരഗന്ധി*
*പാനീയമഭ്രസരിതഃ കമനീയശുഭ്ര-*

*മാനീയതാം ഗജമുഖാനനമേകദന്തം*

**സാരം :** ഏലം, എലവർങ്ങം, ചമ്പകം, കർപ്പൂരം, രാമച്ചം എന്നിവ ചേർത്തിട്ടുള്ള ഗംഗാജലം കൊണ്ട് ഉണ്ടാക്കിയിട്ടുള്ള പാനീയം ഏകദന്തനായ ഗജാനനന് നൽകുന്നു.

*വാർതാകകണ്ടകിരസാരകകാരവല്ലി-*
*രംഭാശലാട്ടുമുഖചാരുപദാർഥജാതം*
*ആജ്യാക്തസർഷപസജീരകഹിങ്കുകൈലാ-*
*സംഭർജിതം ഗജമുഖാദ്ധി പദേ പദേ*

**സാരം :** നെയ്യ് ചേർത്തതും കടുക്, ജീരകം, കായം എന്നിവയെല്ലാം ഉള്ളതും വറുത്തതുമായ ഭോജ്യം അല്ലയോ ഗജാനന സ്വീകരിച്ചാലും.

*ഹസ്തീന്ദ്രവക്ത്ര സരസം തു മയാ പ്രദത്തം*
*രംഭാഫലൈർമധുചരൈഃ സിതശർക്കരാഭിഃ*
*ഏലാമരീചിസമശർകരദുഗ്ധസിദ്ധം*
*ഗോധൂമതണ്ഡുലസുരാന്നമുപപാദദസ്വ.*

**സാരം :** വാഴപ്പഴം, തേൻ, പഞ്ചസാര, ശർക്കര, ഏലക്ക, കുരുമുളക് എന്നിവ ചേർത്ത് ഗോതമ്പിലോ അരിയിലോ പാലൊഴിച്ച് ഉണ്ടാക്കിയ മധുരതരമായ നിവേദ്യം അല്ലയോ ഗജാനന എന്നാൽ നല്കപ്പെട്ടത് സ്വീകരിച്ചാലും.

*മാഷൈസ്തിലൈഃ സഗുഡശർകരനാളികേരൈ-*
*ർജംബീരസർഷപവരാമ്ലഫലൈരുതാന്യൈഃ*
*തത്ര പ്രയോഗകലിതാനി വിചിത്രിതാനി*
*സ്വന്നാനി ഭുങ്ക്ഷ്വ ഗജവക്ത്ര രസേന സാകം*

**സാരം :** അല്ലയോ ഗജാനന ഉഴുന്ന്, എള്ള്, ശർക്കര, നാളികേരം, നാരങ്ങ, കടുക് തുടങ്ങിയവ ചേർത്തുകൊണ്ടുള്ള വിസ്മയിപ്പിക്കുന്ന ഭോജ്യം സ്വാദോടെ കഴിച്ചാലും.

# സംസ്കൃതപഠനം (43)

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

## രഘുവംശശ്ലോകം

*വൈവസ്വതോ മനുർനാമ*
*മാനനീയോ മനീഷിണാം*
*ആസീന്മഹീക്ഷിതാമാദ്യഃ*
*പ്രണവശ്ഛന്ദസാമിവ 11*

**പദങ്ങൾ** : വൈവസ്വതഃ മനുഃ നാമ മാനനീയഃ മനീഷിണാം ആസീത് മഹീക്ഷിതാം ആദ്യഃ പ്രണവഃ ഛന്ദസാം ഇവ

## വിഭക്ത്യാദികൾ

| | |
|---|---|
| വൈവസ്വതഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| മനുഃ | ഉകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| നാമ | അവ്യയം |
| മാനനീയഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| മനീഷിണാം | ഈകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ബഹുവചനം |
| മഹീഷിതാം | തകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ബഹുവചനം |
| ആദ്യഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| പ്രണവഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ഛന്ദസാം | സകാരാന്തഃ നപുംകലിംഗഃ ഷഷ്ഠീ ബഹുവചനം |
| ഇവ | അവ്യയം |

## ധാത്വാദികൾ :

| | |
|---|---|
| ആസീത് | അസ 'ഭുവി 'ലങ് (ഭൂതകാലം) പരസ്മൈപദീ പ്രഥമപുരുഷഃ ഏകവചനം |

## സമാസാദികാര്യങ്ങൾ :

| | |
|---|---|
| വൈവസ്വതഃ | വിവസ്വതഃ അപത്യം പുമാൻ ( തദ്ധിതാന്തം) |
| മാനനീയഃ | മാനയിതും യോഗ്യഃ (കൃതന്തം) |
| മനീഷിണാം | മനീഷാ ഏഷാം അസ്തി ഇതി മനീഷിണഃ. തേഷാം. |
| മഹീഷിതാം | മഹീം ക്ഷിയന്തി ഇതി മഹീക്ഷിത്. തേഷാം. |

## പദാർത്ഥങ്ങൾ :

| | |
|---|---|
| വൈവസ്വതഃ | വൈവസ്വതൻ (വിവസ്വന്റെ പുത്രൻ) |
| മനുഃ | മനു ( എന്ന പ്രജാപതി) |
| നാമ | എന്നു പേരായ |
| മാനനീയഃ | ബഹുമാന്യൻ |
| മനീഷിണാം | മനീഷികളിൽ വച്ച് |
| ആസീത് | ആയിരുന്നു |
| മഹീക്ഷിതാം | മഹിയുടെ ഈശന്മാരിൽ വച്ച് |
| ആദ്യഃ | ആദ്യൻ |
| പ്രണവഃ | പ്രണവം |
| ഛന്ദസാം | ഛന്ദസ്സുകളിൽ വച്ച് |
| ഇവ | പോലെ |

## അന്വയഃ/ഗദ്യക്രമം :

മനീഷിണാം മനനീയഃ മഹീഷിതാം ആദ്യഃ ഛന്ദസാം പ്രണവഃ ഇവ വൈവസ്വതഃ നാമ മനുഃ ആസീത്.

## അന്വയാർത്ഥം :

മനീഷികൾക്ക് മാനനീയനും മഹീഷിതരിൽ ആദ്യനും ഛന്ദസ്സുകളിൽ പ്രണവം എന്ന പോലെ വൈവസ്വതൻ എന്ന് പേരായ മനു ഉണ്ടായിരുന്നു.

## സാരം :

രഘുവംശരാജക്കന്മാരുടെ വംശാവലിയെ പ്രതിപാദിക്കുവാൻ ശ്രമിക്ക

കയാണെന്നാണ് ഇതിനു മുമ്പ് പറഞ്ഞത്. മാത്രമല്ല അത്രയ്ക്കും ഉദാത്തമായ ഈ രാജക്കന്മാരുടെ ചരിത്രത്തെ വിവരിയ്ക്കുവാൻ അസാദ്ധ്യമെന്നിരിക്കലും അതിന് തുനിയുകയാണ് എന്ന് കവി പറഞ്ഞു. ആ ഉദാത്തത വ്യക്തമാക്കുക യാണ് ഇവിടെ. പല മന്വന്തരങ്ങൾ ഉള്ളതുകൊണ്ട് പല മനുക്കൾ ഉണ്ട്. അവരിൽ വിവസ്വാന്റെ പുത്രനായ മനു രഘുവംശരാജക്കന്മാരുടെ തുടക്ക കാരനാണ്. അതായത് സൂര്യന്റെ പുത്രനായ മനു ആണ് ഇവരിൽ ആദ്യ ത്തെ ആൾ. അദ്ദേഹം സകല ബുദ്ധിമാന്മർക്കും പൂജ്യനാണ്. കൂടാതെ ലോകത്തെ ആദ്യത്തെ രാജാവുമാണ്. ഇങ്ങനെയെല്ലാം ഇരിയ്ക്കുന്ന വൈവ സ്വതമനു വേദമന്ത്രങ്ങളിൽ ആദ്യം ധ്യാനിയ്ക്കപ്പെടുന്ന പ്രണവം അതായത് ഓങ്കാരം പോലെയാണ്. മന്ത്രങ്ങളുടെയും സകലതിന്റെയും ഉറവിടവും കേന്ദ്ര ബിന്ദുവും പ്രണവം എപ്രകാരം അപ്രകാരമാണ് ലോകത്തുണ്ടായിട്ടുള്ള എല്ലാ രാജക്കന്മാർക്കും ബുദ്ധിമാന്മാർക്കും പ്രത്യേകിച്ച് രഘു വംശജർക്ക് ഇദ്ദേഹം.

## സംസ്കൃതഭാഷാപഠിതാക്കൾക്ക് വേണ്ടി –

1. കഃ മനുഃ ആസീത് ?
   വൈവെസ്വതഃ നാമ മനുഃ ആസീത്.
2. കീദൃശഃ വൈവസ്വതഃ നാമ മനുഃ ആസീത് ?
   മനീഷിണാം മാനനീയഃ വൈവസ്വതഃ നാമ മനുഃ ആസീത് .
3. പുനഃ കീദൃശഃ വൈവസ്വതഃ നാമ മനുഃ ആസീത് ?
   മഹീഷിതാം ആദ്യഃ വൈവസ്വതഃ നാമ മനുഃ ആസീത്.
4. കഃ ഇവ വൈവസ്വതഃ നാമ മനുഃ ആസീത് ?
   പ്രണവഃ ഇവ വൈെസ്വതഃ നാമ മനുഃ ആസീത്.
5. കേഷാം പ്രണവഃ ഇവ വൈവസ്വതഃ നാമ മനുഃ ആസീത് ?
   ഛന്ദസാം പ്രണവഃ ഇവ വൈവസ്വതഃ നാമ മനുഃ ആസീത്.
6. ഈ ശ്ലോകത്തിലെ അവ്യയപദങ്ങൾ എഴുതുക.
   നാമ , ഇവ
7. സന്ധി പിരിച്ചെഴുതുക

| | | |
|---|---|---|
| മനുർനാമ | – | മനുഃ + നാമ |
| മാനനീയോ മനീഷിണാം | – | മാനനീയഃ + മനീഷിണാം |
| ആസീന്മഹീക്ഷിതാമാദ്യഃ | – | ആസീത് + മഹീക്ഷിതാം + ആദ്യഃ |
| പ്രണവശ്ഛന്ദസാമിവ | – | പ്രണവഃ + ഛന്ദസാം + ഇവ |

(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം  24

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞലക്കം തുടർച്ച)

പ്രിയ കൂട്ടുകാരേ, ഭരതശത്രുഘ്നന്മാരുടെ ആഗമനമറിയാതെ, രാമലക്ഷ്മണന്മാരും സീതയും ചിത്രകൂടപർവ്വതസാനുക്കളിൽ ചുറ്റിക്കറങ്ങുന്ന കാഴ്ചകളിലേയ്ക്കാണ്‌വാല്മീകിമഹർഷിപിന്നീട്‌വായനക്കാരെക്കൂട്ടിക്കൊണ്ടുപോകുന്നത്. അപ്പോഴാണ് വിരണ്ടോടുന്ന കാട്ടുമൃഗങ്ങളുടെ ആരവവും പൊടിപടലങ്ങളും അവരുടെ ശ്രദ്ധ ആകർഷിച്ചത്. ജ്യേഷ്ഠന്റെ നിർദ്ദേശാനുസരണം ലക്ഷ്മണൻ അന്വേഷിയ്ക്കാൻ പുറപ്പെട്ടു. ദുരാഗ്രഹിയായ കൈകേയിയുടെ ആവശ്യാർത്ഥം വനവാസികളാകേണ്ടിവന്നിട്ടും ഇവിടെയും സ്വൈരവും സമാധാനവും നൽകാതെ പിന്തുടരുന്ന ഭരതന്റെ സൈന്യസമേതമുള്ള വരവാണിതെന്ന് കുപിതനായ ലക്ഷ്മണൻ ജ്യേഷ്ഠനെ അറിയിച്ചു. ഇവിടെ നമ്മൾ കരുതലോടെ ഇരിയ്ക്കണമെന്നും തക്ക മറുപടി നൽകാനുള്ള സമയം സമാഗതമായിരിയ്ക്കുന്നുവെന്നുമുള്ള സാധാരണ മനുഷ്യസഹജമായ മറുപടി തനിമയോടെത്തന്നെ കവി ആവിഷ്ക്കരിച്ചിരിക്കുന്നു. ലക്ഷ്മണന്റെ വാക്കുകൾ കേട്ട് അല്പംപോലും ആത്മസംയമനം കൈവിടാതെ സഹോദരനെ സമാശ്വസിപ്പിയ്ക്കുകയായിരുന്നു ശ്രീരാമൻ. അച്ഛന്റെ സത്യപരിപാലനാർത്ഥം രാജ്യാധികാരമുൾപ്പെടെ സർവ്വസ്വവും ഉപേക്ഷിച്ച് ഇവിടെയെത്തിയ നമ്മൾ പ്രകോപിതരാകാതെ പ്രതിസന്ധികളെ സഹനശക്തിയോടെ നേരിടണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. മാത്രമല്ല, എന്തുദ്ദേശത്തോടെ വരുന്നവരാണെങ്കിലും അവർ സഹോദരങ്ങളും സർവ്വോപരി അതിഥികളുമാണെന്ന വാസ്തവം മറന്നുപോകരുതെന്ന ശ്രീരാമവാക്യം കേട്ട് ലക്ഷ്മണന്റെ ശിരസ്സ് ലജ്ജകൊണ്ട് കുനിഞ്ഞുപോയി. ഇതാണ് കൂട്ടുകാരേ നാമെല്ലാം സ്വപ്നം കാണുന്ന രാമരാജ്യസങ്കല്പം. ത്രികാലജ്ഞനായ വാല്മീകി മഹർഷി ഔചിത്യത്തോടെ അതിന്റെ അർത്ഥതലങ്ങൾ ഇഴവിടർത്തി കാണിച്ചിരിയ്ക്കുന്നു. മാത്രമല്ല, യാഥാർത്ഥ്യം മനസ്സിലാക്കാതെയുള്ള എടുത്തുചാട്ടം അനർത്ഥങ്ങൾ ക്ഷണിച്ചുവരുത്തുമെന്നും ലക്ഷ്മണന്റെ പ്രവൃത്തിയിലൂടെ നമ്മെ പഠിപ്പിയ്ക്കുന്നു.

അധികം താമസിയാതെ ഭരത-ശത്രുഘ്നന്മാർ ചതുരംഗസേനയെ അല്പം ദൂരെ നിർത്തിയതിനുശേഷം കാൽനടയായി ഗുഹനോടൊന്നിച്ച് ശ്രീരാമാ

ശ്രമത്തിലെത്തി സീതാസമേതനായി സിംഹാസനത്തിലിരിയ്ക്കേണ്ട തന്റെ പ്രാണാംശമായ ജ്യേഷ്ഠന്, തന്റെ മാതാവിന്റെ കുത്സിതപ്രവൃത്തിമൂലം ഈഗതി വന്നുചേർന്നുവല്ലോ എന്നോർത്ത് ഭരതൻ കണ്ണീർവാർത്ത് രാമപാദങ്ങളിൽ പ്രണമിച്ചു. ശ്രീരാമനും അടക്കാൻ കഴിയാത്ത ദുഃഖഭാരത്താൽ ഭരതശത്രുഘ്ന ന്മാരെ ആലിംഗനം ചെയ്ത് ആശ്വസിപ്പിച്ചു. അതിനുശേഷം നൂറുനൂറു ചോദ്യങ്ങളുടെ നിരതന്നെയായിരുന്നു. അച്ഛനമ്മമാരുടെ സുഖവിവരങ്ങള്, രാജ്യഭരണകാര്യങ്ങൾ, രാജാവ് എപ്രകാരമായിരിയ്ക്കണം രാജ്യത്തേയും പ്രജകളേയും പരിപാലിയ്ക്കേണ്ടത് എന്നതിനെക്കുറിച്ചെല്ലാമുള്ള ദീർഘഭാഷണമായിരുന്നു ശ്രീരാമന്റേത്. ഭരതൻ ജടാവൽക്കലധാരിയായി വന്നിരിയ്ക്കുന്നതിനെക്കുറിച്ചറിയാനായിരുന്നു, താല്പര്യം. അച്ഛൻ പ്രവൃത്തിദോഷത്താൽ നീറിനീറി മക്കളെക്കാണാതെ മരിയ്ക്കാനിടയായതും, വിധവകളായ അമ്മമാരുടെ ദുഃഖം കാണാനാകാതെ താനും ജ്യേഷ്ഠനെപ്പോലെ താപസിയായി അമ്മമാരേയുംകൊണ്ട് രാജ്യം കാൽക്കൽ സമർപ്പിയ്ക്കാനെത്തിയിരിയ്ക്കയാണെന്നും ജ്യേഷ്ഠൻ തന്റെ ആവശ്യം നിറവേറ്റിത്തരണമെന്നും ഒറ്റശ്വാസത്തിൽ പറഞ്ഞുതീർത്ത് ഭരതൻ ശ്രീരാമപാദങ്ങൾ കണ്ണീർകൊണ്ട് കഴുകി. ഇതിന് സാക്ഷ്യം വഹിയ്ക്കേണ്ടിവന്നവരെല്ലാം, ദുഃഖിതരാണെങ്കിൽപ്പോലും ഇവരുടെ സഹോദരസ്നേഹത്തിൽ ആകൃഷ്ടരായി. അച്ഛന്റെ ചരമവാർത്ത കേട്ട് ശ്രീരാമൻ ബോധരഹിതനായി.

ബോധം വീണ്ടെടുത്തപ്പോൾ, മക്കളെ അവസാനമായി ഒരു നോക്കു കാണാനാകാതെ പരലോകം പൂകേണ്ടിവന്ന പിതാവിന്റെ അവസ്ഥയെക്കുറിച്ച് അതീവദുഃഖിതാനായെങ്കിലും, അച്ഛനില്ലാത്ത അവസ്ഥയിലും, അച്ഛനോടുള്ള പ്രതിജ്ഞ ലംഘിയ്ക്കാൻ തനിയ്ക്കാവില്ലെന്നും, രാജ്യത്ത് നാഥനില്ലാത്ത അവസ്ഥയ്ക്ക് ഇടനൽകാതെ ഉടൻ ഭരതൻ മടങ്ങിപ്പോയി രാജ്യഭരണം നടത്തണമെന്നുമായിരുന്നു, ശ്രീരാമനിശ്ചയം. അതിനുശേഷം അച്ഛന്റെ ശേഷക്രിയാദി കർമ്മങ്ങൾ ആരംഭിച്ചു. മഹാജ്ഞാനിയും വേദപണ്ഡിതനുമായ സുമന്ത്രരുടെ നേതൃത്വത്തിൽ മന്ദാകിനി നദീപുളിനത്തിലായിരുന്നു കർമ്മങ്ങൾ. ഉദകക്രിയ, പിണ്ഡസമർപ്പണം ഇത്യാദികൾക്കുശേഷം, അച്ഛന്റെ ദേഹവിയോഗത്തിൽ അതീവ ദുഃഖിതരായ് അവർ അലമുറയിട്ടത് ആരുടേയും കരളലിയ്ക്കുന്ന വിധത്തിലായിരുന്നു. അതിനുശേഷം പ്രജാവത്സലനായ ശ്രീരാമൻ മന്ദാകിനീതീരത്തുവെച്ച് സഹോദരനായ ഭരതനെ ധർമ്മാനുഷ്ഠാനത്തിന്റെ ആവശ്യകതയെക്കുറിച്ച് ഓർമ്മിപ്പിയ്ക്കുന്നത് നമ്മെ ഓരോരുത്തരേയും ഉദ്ദേശിച്ചുകൂടിയാണ്. ശരിയായ ധർമ്മം പുലർന്നെങ്കിൽ മാത്രമേ രാജ്യത്ത് സ്വൈരവും സമാധാനവും ഐശ്വര്യവും കളിയാടുകയുള്ളൂവെന്ന ശ്രീരാമവാക്യം കാലാതിവർത്തിയും ദേശസീമകളെ അതിലംഘിയ്ക്കുന്നതുമാണ്. ഭരണാധികാരികളാണ് ആദ്യമായി നന്മയും തിന്മയും വേർതിരിച്ചറിയേണ്ടതെന്നും അതിനുശേഷമായിരിയ്ക്കണം ജനങ്ങളെ പ്രാപ്തരാക്കേണ്ടതെന്നും ശ്രീരാമനിലൂടെ വാല്മീകിയുടെ വാക്കുകൾ നമ്മിലേയ്ക്കെത്തിച്ചേരുന്നു. അതുകൊണ്ടുതന്നെ ധർമ്മാ

നുഷ്ഠാനങ്ങൾക്ക് വാല്മീകിരാമായണം നൽകുന്ന പ്രാധാന്യം നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കി ബോദ്ധ്യപ്പെടണം. മാത്രമല്ല, വാല്മീകിയിൽനിന്ന് പ്രചോദിതരായി ഉദാഹരണമായി മഹാകവി കുമാരാനാശാനെപ്പോലുള്ള പ്രതിഭകൾ (ചിന്താവിഷ്ടയായ സീത) നിരവധി കാവ്യങ്ങൾക്ക് രൂപം നല്കി. ഇതെല്ലാം കൊച്ചുകുട്ടുകാർ മാനസികാരോഗ്യം വളർത്തിയെടുക്കുന്നതിന് വായിച്ചിരിയ്ക്കേണ്ടതാണെന്നും ഓർമ്മിപ്പിയ്ക്കാനീ അവസരം വിനിയോഗിയ്ക്കുന്നു. ഈ കോവിഡ് കാലത്ത് ധാരാളം ഒഴിവുസമയം ലഭിയ്ക്കുന്നത് പാഴാക്കാതെ ഇമ്മാതിരി കാര്യങ്ങൾക്ക് നീക്കിവയ്ക്കുക.

(തുടരും)

---

ഔഷധസസ്യങ്ങൾ – 30

# തഴുതാമ

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

ഹൃദയത്തേയും വൃക്കയേയും എല്ലായ്പോഴും സംരക്ഷിച്ചുകൊണ്ടിരിയ്ക്കുന്ന ഭാരിച്ച ഉത്തരവാദിത്വമാണ് തഴുതാമ എന്ന ഔഷധസസ്യത്തിന്റേത്. നിക്ടാജിനേസി കുടുംബത്തിൽപ്പെടുന്ന ഇതിന്റെ ശാസ്ത്രനാമം ബൊഹന്നേവിയ ഡിഫ്യൂസ എന്നാണ്. സംസ്കൃതത്തിൽ പുനർന്നവ, പുനർഭവ തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു.

ഭാരതത്തിൽ സാർവ്വത്രികമായി കണ്ടുവരുന്നു. പക്ഷേ, ഇതിന്റെ ഔഷധമൂല്യം എത്രമാത്രം അമൂല്യമാണെന്ന് മനസ്സിലാക്കിയവർ അപൂർവ്വമാണെന്നു മാത്രം. പൊട്ടാസ്യം നൈട്രേറ്റിന്റെ സാന്നിദ്ധ്യം വേണ്ടതിലധികം ഉള്ളതുകൊണ്ട് മൂത്രം ധാരാളമായി സ്രവിപ്പിയ്ക്കുന്നു.

മൂത്രവിസർജ്ജനം ത്വരിതമാക്കുന്നതോടൊപ്പം മലം കൂടുതൽക്കൂടുതൽ ജലാംശമുള്ളതാക്കിത്തീർത്ത് വിസർജ്ജനം എളുപ്പവും പൂർണ്ണവുമാക്കുന്നു. ഇത് സമൂലമായും വേരും ഇലയും മാത്രമെടുത്തും ഔഷധാവശ്യത്തിനുപയോഗിക്കുന്നു. തഴുതാമ സമൂലം അരച്ച് മൂന്നു ഗ്രാം മുതൽ ആറു ഗ്രാം വരെ ദിവസവും രണ്ടു നേരം സേവിച്ചാൽ നീര്, വിഷം ഇവ മാറിക്കിട്ടും. അമിതമായി മദ്യം കഴിച്ചുണ്ടാകുന്ന അവസ്ഥയിലെ മോഹാലസ്യം, ക്ഷീണം എന്നിവയുള്ളപ്പോൾ തഴുതാമ സമൂലമായെടുത്ത് കഷായംവെച്ച് അതിൽ അത്രയും പാൽ ചേർത്ത് വീണ്ടും പാലിന്റെ അളവാക്കി വറ്റിച്ച് 30 മി.ലി. വീതം രാവിലെയും വൈകീട്ടും സേവിയ്ക്കുന്നത് വളരെ നല്ലതാണ്.

തഴുതാമവേര്, കച്ചോലം, ചുക്ക് ഇവ സമമായെടുത്ത് കഷായംവെച്ച്

രാവിലെയും വൈകീട്ടും 30 മി.ലി. വീതം കുറച്ചുദിവസം തുടർച്ചയായി സേവിച്ചാൽ ആമവാതം മാറിക്കിട്ടുമെന്ന് ഭാവപ്രകാശം എന്ന ഗ്രന്ഥത്തിൽ പറയുന്നു.

തഴുതാമയുടെ ഇല തോരനായി കഴിയ്ക്കുന്നത് വാതസംബന്ധമായ എല്ലാ അസുഖങ്ങൾക്കും വളരെ നല്ലതാണ്.

തഴുതാമ സമൂലം ഇടിച്ചു പിഴിഞ്ഞ് നല്ലതുപോലെ അരിച്ചെടുത്ത് മുലപ്പാൽ ചേർത്ത് കണ്ണിൽ ഇറ്റിച്ചാൽ ചൊറിച്ചിൽ, കരട് ഇറങ്ങൽ തുടങ്ങിയ അസുഖങ്ങൾ ഭേദമായി കൂടുതൽ തെളിച്ചം കിട്ടും. ഇതിന്റെ സ്വരസം തേനിൽ ചാലിച്ച് ഉപയോഗിച്ചാൽ വെള്ളമൊലിപ്പ് പെട്ടെന്നു മാറും. സ്വരസം തന്നെ പശുവിൻ നെയ്യിൽ ഉപയോഗിച്ചാൽ എല്ലാ നേത്രരോഗങ്ങളും ശമിയ്ക്കുമെന്ന് ആയുർവേദഗ്രന്ഥങ്ങൾ അനുശാസിയ്ക്കുന്നു.

വലിവ് സംബന്ധമായ അസുഖമുള്ളവർ തഴുതാമവേരും വയമ്പും സമമായി അരച്ച് തേൻ ചേർത്ത് സേവിയ്ക്കുന്നത് ഫലപ്രദമാണെന്ന് നാട്ടറിവുകളിൽ പറയുന്നു.

---

(ശ്രീനാരായണപണ്ഡിതാചാര്യവിരചിതം)

# നരസിംഹസ്തുതി

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

1. *ഉദയരവിസഹസ്രദ്യോതിതം രൂക്ഷവീക്ഷം*
   *പ്രളയജലധിനാദം കല്പകൃദ് വഹ്നിവക് ത്രം.*
   *സുരപതിരിപുവക്ഷഃ ച്ഛേദരക്തോക്ഷിതാംഗം*
   *പ്രണതഭയഹരം തം നാരസിംഹം നമാമി.*

**സാരം** - ഉദിച്ചുയരുന്ന ആയിരം സൂര്യന്മാരുടെ പ്രഭയോടും, കോപത്താൽ രൂക്ഷമായ കണ്ണുകളോടും, ലോകാവസാനമാകുന്ന പ്രളയജലത്തിന്റെ ഭയാനകമായശബ്ദം പോലെയുള്ള നാദത്തോടും, കല്പാവസാനത്തിലെ അഗ്നിയോടു സമമായ മുഖത്തോടും, ദേവപതിയായ ഇന്ദ്രന്റെ ശത്രുവായ ഹിരണ്യകശിപുവിന്റെ നെഞ്ചു പിളർന്ന രക്തംകൊണ്ട് തിളങ്ങുന്നതായ ശരീരാംഗങ്ങളോടും കൂടിയിരിക്കുന്നവനും, തന്നിലഭയം പ്രാപിച്ചവരുടെ ഭയത്തെ ഇല്ലാതാക്കിയവനുമായ നരസിംഹമൂർത്തിയെ ഞാൻ നമിക്കുന്നു.

*2. പ്രളയരവികരാളാകാരരുക്ചക്രവാളം
വിരളയദുരുരോചീരോചിതാശാന്തരാള.
പ്രതിഭയതമകോപാത്യുൽക്കടോച്ചാട്ടഹാസിൻ
ദഹദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

**സാരം** - പ്രളയകാലത്തെ സൂര്യന്റെ പ്രകാശം പോലെ ഭയാനകമായ പ്രകാശത്തോട്ടു കൂടിയവനും, സകലദിക്കുകളെയും ദീപ്തമാക്കുന്ന വെളിച്ചത്തോടു കൂടിയവനും, കോപത്താൽ അത്യുച്ചമായ ഭയപ്പെടുത്തുന്ന അട്ടഹാസത്തോടു കൂടിയവനുമായ ഹേ നരസിംഹഭഗവൻ, അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*3. സരസരഭസ പാദാപാത ഭാരാഭിരാവ
പ്രചകിതചലസപ്തദ്വന്ദ്വലോകസ്തുതസ്ത്വം.
രിപുരുധിരനിഷേകേണേവ ശോണാങ്ഘ്രിശാലിൻ
ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

**സാരം** - അവിടുത്തെ രസഭരവും വേഗത്തിലുള്ളതുമായ ഭാരിച്ച കാൽവെപ്പിന്റെ ഒച്ചയാൽ പതിനാലു ലോകവും ഭീതരായിത്തീരുന്നു. അല്ലയോ ശത്രുക്കളുടെ രക്തത്താൽ നനക്കപ്പെട്ട കാലുകളോടു കൂടിയ നരസംഹഭഗവൻ, അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*4. തവ ഘന ഘന ഘോഷോ ഘോരമാഘ്രായജംഘാ
പരിഘമലഘുമൂരു വ്യാജ തേജോ ഗിരിം ച.
ഘനവിഘടിതമാഗാദ്ദൈത്യ ജംഘാല സംഘോ
ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

**സാരം** - അവിടുത്തെ ഇടിമിന്നൽ പോലെയുള്ള ഘോരമായ ഘനഘന ശബ്ദത്തിന്റെയും തേജസ്തംഭമാണോ എന്നു തോന്നിപ്പിക്കും വിധം കനമേറിയ തുടകളുടേയും കണങ്കാലുകളുടെയും മണം കിട്ടുമ്പോഴേക്കും അസുരന്മാർ വളരെ വേഗത്തിൽ ഓടിയൊളിക്കുന്നു. അങ്ങിനെയുള്ള ഹേ നരസംഹമൂത്തി, , അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*5. കടകി കടകരാജദ്ഘാടകാഗ്ര്യസ്ഥലാഭാ
പ്രകടപടതടിത്തേ സത്കടിസ്ഥാതിപട്വീ.
കടുകകടുകദുഷ്ടാടോപദൃഷ്ടിപ്രമുഷ്ടൌ
ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

**സാരം** - പർവതങ്ങളോട്ടു സമാനമായ അവിട്ടത്തെ അരക്കെട്ടിലണിഞ്ഞിരിക്കുന്ന മഞ്ഞപ്പട്ടിന്റെ ശോഭയാകുന്ന മിന്നൽപ്പിണർ മൂലം ദേവന്മാരുടെ ശത്രുക്കളായ അസുരന്മാർ ദൃഷ്ടിയില്ലാത്തവരായിത്തീർന്നു. അങ്ങിനെയുള്ള ഹേ നരസംഹമൂർത്തി, അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*6. പ്രഖരനഖരവജ്രോത്ഖാതരൂക്ഷാരി വക്ഷഃ*
*ശിഖരിശിഖരരക്തൈരാക്ത സന്ദോഹദേഹ*
*സുവലിഭശുഭകക്ഷേ ഭദ്രഗംഭീരനാഭേ*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

**സാരം** - കൂർത്തതും മിന്നലിനോട്ടു സമാനമായതുമായ അവിട്ടത്തെ നഖങ്ങളാൽ പിളർക്കപ്പെട്ട ദുഷ്ടനായ ശത്രുവിന്റെ നെഞ്ചിൽ നിന്നും ഒഴുകിയ രക്തത്താൽ നല്ലവണ്ണം നനക്കപ്പെട്ട ദേഹത്തോടും മനോഹരമായ ത്രിവലികളോടു കൂടിയ ഉദരത്തോടും മംഗളകരമായ ആഴത്തിലുള്ള നാഭിയോടും കൂടിയ ഹേ നരസംഹഭഗവൻ, അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*7. സ്ഫുരയതി തവ സാക്ഷാത് സൈവ നക്ഷത്രമാലാ*
*ക്ഷപിതദിതിജവക്ഷോ വ്യാപ്തനക്ഷത്രമാർഗ്ഗം.*
*അരിദരധരജാന്വാസക്ത ഹസ്തദ്വയാഹോ*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

**സാരം** - അവിടുന്നിനാൽ പിളർക്കപ്പെട്ട അസുരന്റെ നെഞ്ച് നക്ഷത്രമാലയെപ്പോലെ നക്ഷത്രമാർഗ്ഗം മുഴുവൻ വ്യാപിച്ചതായി കാണപ്പെട്ടു. മുകളിലെ രണ്ടു കൈകളിൽ ശംഖും ചക്രവും ധരിച്ചിരിക്കുന്നവനും മററു രണ്ടു കൈകളും മുട്ടിൽ വച്ചിരിക്കുന്നവനുമായ ഹേ നരസംഹഭഗവൻ, അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*8. കടുവികടസടൌഘോദ്ഘട്ടനാദ്ഭ്രഷ്ട ഭൂയോ*
*ഘനപടലവിശാലാകാശലബ്ധാവകാശം*
*കരപരിഘവിമർദ്ദ പ്രോദ്യമം ധ്യായതസ്തേ*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

**സാരം** - തീക്ഷ്ണവും വിശാലമായതുമായ സടകളുടെ ഏറ്റുമുട്ടൽ കൊണ്ട് അനവധി പേരെ തോൽപ്പിച്ചോടിച്ചതും കനം കൂടിയ മേഘങ്ങളോടു കൂടിയ ആകാശത്തോളം വ്യാപിച്ചതും ഇരുംബുലക്കയോടു സമാനമായ കൈകളോ

ട്ടുകൂടി മർദ്ദിക്കാനുദ്യമിച്ചതുമായി ധ്യാനിക്കപ്പെടുന്ന ഹേ നരസിംഹമൂർത്തേ, അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*9. ഹഠല്യഠദലഘിഷ്ടോത്കണ്ഠദഷ്ടോഷ്ഠവിദ്യുത്*
*സടശഠകഠിനോരഃ പീഠഭിത് സുഷ്ഠു നിഷ്ഠാം*
*പഠതി നു തവ കണ്ഠാധിഷ്ഠ ഘോരാന്ത്രമാലാ*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

**സാരം** - തന്റെ ശത്രുക്കളുടെ നേരെ തിരിഞ്ഞതും കട്ടിയുള്ളതുമായ കഴുത്തോട്ടു കൂടിയവനും, ക്രോധം കൊണ്ട് ചുണ്ടുകൾ കടിച്ചവനും ഇടിമിന്നലിനോടു സമമായ സടകളുടെ ചലനത്തോടു കൂടിയവനും ദുഷ്ടനായ അസുരന്റെ കനത്ത നെഞ്ചിനെ നല്ലവണ്ണം പിളർന്നവനും അവിടുത്തെ നിഷ്ഠയെ പ്രകീർത്തിക്കുന്ന അസുരന്റെ കുടൽമാലയെ കണ്ഠത്തിലണിഞ്ഞിരിക്കുന്നതുമായ ഹേ നരസിംഹമൂർത്തേ, അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*10. ഹൃതബഹുമിഹിരാഭാസഹ്യസംഹാരരംഭോ*
*ഹുതവഹബഹുഹേതി ഹ്രേപികാനന്തഹേതി*
*അഹിതവിഹിതമോഹം സംവഹൻ സൈംഹമാസ്യം*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

**സാരം** - അനവധി സൂര്യന്മാരുടെ പ്രകാശത്തെ ദഹിപ്പിക്കുന്ന ശോഭയോടു കൂടിയവനും, അസഹ്യവും സംഹരാത്മകവുമായ കോപത്തോടു കൂടിയതും അഗ്നിയേക്കാൾ ദാഹകശക്തിയുള്ള അട്ടഹാസത്തോടു കൂടിയവനും അഹിതരായവരെ മോഹിപ്പിക്കുന്ന സിംഹമുഖത്തോടു കൂടിയവനുമായ ഹേ നരസിംഹമൂർത്തേ, അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*11. ഗുരുഗുരുഗിരിരാജത്കംദരാംതർഗ്ഗതേ വാ*
*ദിനമണിമണിശൃങ്ഗേ വാന്തവഹ്നിപ്രദീപ്തേ*
*ദധദതി കടുദംഷ്ട്രേ ഭീഷണോജ്ജിഹ്വവക്ത്രേ*
*ദഹ ദഹ നരസിംഹാസഹ്യവീര്യാഹിതം മേ.*

**സാരം** - അതിബൃഹത്തായ പർവതത്തിലെ ഗുഹ പോലുള്ള അവിടുത്തെ വദനത്താലോ, സൂര്യമണിപോലെ തിളങ്ങുന്നതും സർവതിന്റെയും അവസാനമായതും ജ്വലിക്കുന്നതുമായ അഗ്നിയെപ്പോലുള്ള ദംഷ്ട്രങ്ങളാലോ ,ഭയപ്പെടുത്തുന്ന നാവാലോ മുഖത്താലോ ഹേ നരസിംഹമൂർത്തേ, അവിടുന്ന് എന്റെ

അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹിപ്പിച്ചു കളഞ്ഞാലും.

*12. അധരിതവിബുധാബ്ധി ധ്യാനധൈര്യം വിദീധ്യ*
*ദ്വിവിധവിബുധധീ ശ്രദ്ധാപിതേന്ദ്രാരിനാശംവിദധദതി*
*കടാഹോദ്ഘട്ടനേദ്ധാട്ടഹാസം ദഹ ദഹ*
*നരസിംഹാസഹ്യവീര്യാഹിതം മേ.*

**സാരം** - ധ്യാനത്തിൽ ലയിച്ചവരായ മുനിമാർ അവിടുത്തെ ഘോരാട്ട ഹാസം കേട്ടു ഭയപ്പെടുകയും അത് ദേവശത്രുക്കളുടെ നാശത്തിൽ നിന്നുണ്ടാ യതാണ് ഇന്നു മനസ്സിലാക്കുകയും ചെയ്തു. അപ്രകാരം അഖിലപ്രപഞ്ചത്തെ യും ഭയപ്പെടുത്തുന്ന അട്ടഹാസത്തോടു കൂടിയ ഹേ നരസംഹഭഗവൻ, അവിടുന്ന് എന്റെ അസഹ്യമായതും ഘോരമായതുമായ അഹിതങ്ങളെ ദഹി പ്പിച്ചു കളഞ്ഞാലും.

(തുടരും)

---

# ലളിതാസഹസ്രനാമം (33)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞ ലക്കം തുടർച്ച)

*നിഷ്ക്രോധാ ക്രോധശമനീ നിർലോഭാ ലോഭനാശിനീ*
*നിസ്സംശയാ സംശയഘ്നീ നിർഭവാ ഭവനാശിനീ* 48

### നിഷ്ക്രോധാ

ക്രോധമില്ലാത്തവൾ. രണ്ടാമതൊന്നില്ലാത്തതുകൊണ്ട് ക്രോധമില്ല ദേ വിയ്ക്ക്.

### ക്രോധശമനീ

ക്രോധത്തെ ശമിപ്പിക്കുന്നവൾ. ദേവിയെ ഉപാസിച്ചാൽ ഉപാസിക്കുന്നവ രുടെ ക്രോധത്തെ ദേവി ശമിപ്പിക്കും. അതുകൊണ്ട് ദേവി ക്രോധശമനി.

### നിർലോഭാ

ലോഭമില്ലാത്തവൾ. ഔദാര്യം പ്രകടിപ്പിക്കുന്നവൾ.

## ലോഭനാശിനീ

ലോഭത്തെ നശിപ്പിയ്ക്കുന്നവൾ. ലോഭമില്ലാത്ത ദേവിയെ ഉപാസിച്ചാൽ നമ്മുടെ ലോഭം ഇല്ലാതാകും.

## നിസ്സംശയാ

സംശയമില്ലാത്തവൾ. യാതൊരു വിധത്തിലുമുള്ള സംശയവും ദേവിയ്ക്കില്ല.

## സംശയഘ്നീ

സംശയത്തെ ഇല്ലാതാക്കുന്നവൾ. ദേവിയെ ഉപാസിച്ചാൽ നമ്മുടെ എല്ലാവിധ സംശയങ്ങളും ഇല്ലാതാകും.

## നിർഭവാ

പ്രപഞ്ചമില്ലാത്തവൾ. ഭവം ഭവിച്ചത് ഈ പ്രപഞ്ചം. അത് ഇല്ലാത്തവൾ.

## ഭവനാശിനീ

പ്രപഞ്ചത്തെ നശിപ്പിയ്ക്കുന്നവൾ. ദേവിയെ ഉപാസിച്ചാൽ നമ്മുടെ പ്രപ ഞ്ചമി ല്ലാതാകും.

*നിർവികല്പാ നിരാബാധാ നിർഭേദാ ഭേദനാശിനീ*
*നിർനാശാ മൃത്യുമഥനീ നിഷ് ക്രിയാ നിഷ് പരിഗ്രഹാ 49*

## നിർവികല്പാ

വികല്പങ്ങളൊന്നുമില്ലാത്തവൾ. ദേവിയെ സംബന്ധിച്ച് നമ്മുടെ അനുഭ വത്തിലുള്ള ഈ പ്രപഞ്ചമില്ല എന്ന് കണ്ടു . അപ്പോൾ പ്രപഞ്ചമില്ലെങ്കിൽ വിക ല്പങ്ങളൊന്നുമില്ല. വികല്പമെന്നാൽ ദേവിയല്ലതെയുള്ള മറ്റൊരവസ്ഥ. ദേവിയ്ക്ക് ദേവിയല്ലാതെ ഒരു അവസ്ഥയെപ്പറ്റിയുള്ള ബോധമില്ല. അതുകൊണ്ട് വികല്പ ങ്ങളൊ ന്നുമില്ലാത്തവളാണ് ദേവി.

## നിരാബാധാ

ആബാധകളൊന്നുമില്ലാത്തവൾ. ഒന്നിനെ കണ്ടിട്ട് മറ്റൊന്നാണെന്ന് ധരിയ്ക്കുന്നതാണ് ആബാധാ. കയറിനെ കണ്ടിട്ട് പാമ്പാണെന്നും മുത്തുചി പ്പിയെ കണ്ടിട്ട് വെള്ളിയാണെന്നും ധരിയ്ക്കുന്നതാണ് ഉദാഹരണമായി പറയാ വുന്നത്. പ്രപഞ്ചം ഈശ്വരനാണെന്നിരിയ്ക്കെ ഈ പ്രപഞ്ചസ്വരൂപിണിയായ ഈശ്വരൻ ഈശ്വരനല്ല എന്ന് വിചാരിയ്ക്കുന്നതാണ് ഏറ്റവും വലിയ ആബാധാ.

ദേവിയ്ക്ക് ഈ പ്രപഞ്ചമാസകലം ദേവിയാണെന്നും വേറൊന്നുമല്ലെന്നും അറിയാവുന്നതുകൊണ്ട് ദേവിയ്ക്ക് ഇഷ്പറഞ്ഞ ആബാധയൊന്നുമില്ല. അതിനാൽ ദേവി നിരാബാധാ. "സർവാബാധാപ്രശമനം" എന്ന് തുടങ്ങുന്നതായ ദേവി മാഹാത്മ്യമന്ത്രത്തിലെ ആബാധാ എന്ന പദം ഇവിടെ സ്മർത്ത വ്യമാണ്. സകല ആബാധകളെയും പ്രശമപ്പിയ്ക്കുവാൻ ദേവന്മാർ ദേവിയോട് പ്രാർത്ഥിയ്ക്കുകയാണ്.

## നിർഭേദാ

ഭേദങ്ങളൊന്നുമില്ലാത്തവൾ. ഞാൻ, നീ അല്ലെങ്കിൽ അത്, ഇത് എന്ന ഭേദമൊന്നുമില്ല ദേവിയ്ക്ക്.

## ഭേദനാശിനീ

ഭേദങ്ങളെ നശിപ്പിയ്ക്കുന്നവൾ. ഭേദങ്ങളില്ലാത്ത ദേവിയെ ഉപാസിച്ചാൽ നമ്മുടെ ഭേദചിന്ത നശിയ്ക്കും. ഞാൻ, നീ ഇത്യാദിയായുള്ള ഭേദങ്ങൾ നമുക്ക് തോന്നുകയില്ല.

## നിർനാശാ

നാശമില്ലാത്തവൾ. അഭേദാവസ്ഥയിലുള്ള ദേവിയ്ക്ക് സർവ്വതും ദേവിയാണ്. അതുകൊണ്ട് ദേവിയ്ക്ക് നാശമില്ല.

## മൃത്യുമഥനീ

മൃത്യുവിനെ ഇല്ലാതാക്കുന്നവൾ. നാശരഹിതയായ ദേവിയെ ഉപാസിച്ചാൽ നമ്മുടെ നാശമില്ലാതെയാകും.

## നിഷ് ക്രിയാ

ക്രിയകളൊന്നുമില്ലാത്തവൾ. ദേവിയ്ക്ക് പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ല.

## നിഷ് പരിഗ്രഹാ

പരിഗ്രഹിയ്ക്കാത്തവൾ. ഒന്നും ചെയ്യാനില്ലാത്തതുകൊണ്ട് ഒന്നും പ്രതിഫലമായി വാങ്ങിയ്ക്കേണ്ടതുമില്ല. അതിനാൽ ദേവി നിഷ്പരിഗ്രഹാ.

*നിസ്തുലാ നീലചികുരാ നിരപായാ നിരത്യയാ*
*ദുർല്ലഭാ ദുർഗമാ ദുർഗാ ദുഃഖഹന്ത്രീ സുഖപ്രദാ* 50

## നിസ്തുലാ

തുലനം ചെയ്യപ്പെടുവാൻ കഴിയാത്തവൾ. എന്തിനോടെങ്കിലും തുലനം ചെയ്താൽ ദേവി ചെറുതാകുമെന്നുള്ളതുകൊണ്ട് ഒന്നിനോടും തുലനം ചെയ്യാൻ സാധിയ്ക്കുകയില്ല.

## നീലചികുരാ

കടും നീലനിറമുള്ള തലമുടിയുള്ളവൾ.

## നിരപായാ

അപായമൊന്നുമില്ലാത്തവൾ. ഒരു തരത്തിലുമുള്ള നാശവും ദേവിയ്ക്കില്ല.

## നിരത്യയാ

കുറവൊന്നുമില്ലാത്തവൾ. ഒരാളും ദേവിയെ അതിക്രമിച്ച് നിൽക്കുന്നില്ല. കൂടാതെ ദുഃഖം, ദോഷം, വിനാശം ഇവ ഒന്നുമില്ലാതെ പ്രത്യേകിച്ച് വികാരമൊന്നുമില്ലാത്തവളായതുകൊണ്ട് ദേവിയ്ക്ക് നിരത്യയാ എന്ന നാമം.

## ദുർല്ലഭാ

പ്രയാസപ്പെട്ട് മാത്രം ലഭിയ്ക്കപ്പെടുന്നവൾ. യഥാർത്ഥത്തിൽ നമ്മൾ ദേവി തന്നെ ആണങ്കിലും നമുക്ക് അത് അറിയാൻ സാധിയ്ക്കുന്നില്ല.

## ദുർഗമാ

പ്രാപിയ്ക്കുവാൻ വിഷമമുള്ളവൾ. ദേവി എവിടെയാണെന്ന് കണ്ടുപിടിയ്ക്കാൻ സാധിയ്ക്കില്ല. കണ്ടുപിടിച്ച് കഴിഞ്ഞാൽ പ്രാപിയ്ക്കണമെങ്കിൽ ഞാനും അതും ഉണ്ടാകണം. ദേവി ഞാൻ തന്നെ എന്ന് മനസ്സിലാക്കിയാൽ പ്രാപിയ്ക്കാനായി ഞാനുണ്ടാവില്ല. അത്  (ദേവി) എന്റെ ഉള്ളിൽ തന്നെയായതുകൊണ്ട് അതിനെ (ദേവിയെ) പുറത്ത് അന്വേഷിച്ചാൽ കിട്ടാത്തതുകൊണ്ടും ദേവി ദുർഗമാ ആണ്.

## ദുർഗാ

ദുർഗ്ഗാദേവി. ദുർഗ്ഗൻ എന്ന ആസുരനെ നിഗ്രഹിയ്ക്കാൻ വേണ്ടി ഉണ്ടായവൾ. നമുക്ക് ജീവിതത്തിൽ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും വരുമ്പോൾ നമ്മളെ അവകളിൽ നിന്ന് രക്ഷിയ്ക്കുവാൻ സന്നദ്ധയായിരിക്കുന്നവൾ. നമുക്ക് പ്രാപഞ്ചിക ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ കാക്കശ്ശേരി ഭട്ടതിരി പറഞ്ഞ സ്മരണീയം ചരണയുഗളം അംബായാഃ എന്ന വചനം ഇവിടെ സ്മർത്തവ്യമാണ്. ആ ആപത്ത് സമയങ്ങളിൽ ദേവിയെ സ്മരിച്ചാൽ ബ്രഹ്മാദിദേവന്മാർ പോലും കിങ്കരന്മാരായിത്തീരും എന്ന ഉത്തരവും സ്മരണീയം തന്നെ.

വെദികമന്ത്രങ്ങളിൽ 44 അക്ഷരങ്ങളുള്ള ഒരു ദുർഗ്ഗാമന്ത്രമുണ്ട്. ഏറ്റെടുത്തകാര്യം വിജയിപ്പിയ്ക്കുവാൻ ജയദുർഗ്ഗാ, മനസ്സിലുള്ള അകാരണഭയം ഇല്ലാതാക്കുവാൻ വനദുർഗ്ഗാ, നമ്മളിലുള്ള മന്ദഗതിത്വം (തണുപ്പൻ സ്വഭാവം) മാറ്റുവാൻ അഗ്നിദുർഗ്ഗാ എന്ന് ഇപ്രകാരം മുപ്പത്തിയാറോ നാല്പതോ ഭാവങ്ങളിൽ ദുർഗ്ഗാദേ വിയുണ്ട്. ഇപ്രകാരം ഒരു മനുഷ്യന്റെ ജീവിതത്തിലെ പല പ്രശ്നങ്ങളിൽ നിന്നും അവനെ ഈ ദുർഗ്ഗാദേവി പല രൂപഭാവങ്ങളിൽ വന്ന് രക്ഷിയ്ക്കും. പ്രാപഞ്ചികമായ ജീവിതബുദ്ധിമുട്ടുകളാകുന്ന ദുർഗമങ്ങളിൽ രക്ഷിക്കുന്ന ദുർഗതിനാശിനിയായ ദുർഗ്ഗാദേവിയുണ്ട്. ഈ പ്രപഞ്ചത്തിൽ നിന്ന് തന്നെ നമ്മളെ രക്ഷിക്കുന്ന ദുർഗ്ഗാ ദേവി താരാ. പ്രപഞ്ചസാഗരത്തെ തരണം ചെയ്യാൻ സഹായിയ്ക്കുന്നവളായ ഈ താരാ ദശമഹാവിദ്യകളിലെ മൂന്നാമത്തെ ദേവതയാണ്. ഇപ്രകാരം ദുർഗ്ഗാ ഒരു മനുഷ്യന്റെ സർവ്വവിധ രക്ഷയ്ക്കും വിജയത്തിനും ഐശ്വര്യത്തിനുമായി ഭവിയ്ക്കുന്നു. കൂടാതെ അനവധി മന്ത്രസാധനകളെ വെളിപ്പെടുത്തുന്ന ആഗമരഹസ്യമെന്ന തന്ത്രഗ്രന്ഥത്തിൻെറ കർത്താവ് ഗ്രന്ഥാവസാനം ദുർഗേ ദുർഗേ എന്ന് വിളിച്ചാൽ തന്നെ സർവ്വാഗ്രഹങ്ങളും സാധിച്ചുകൊള്ളും എന്ന് തീർച്ച പറഞ്ഞതിൽനിന്ന് ദുർഗ്ഗാനാമത്തിൻെറ പ്രസക്തി വെളിവായല്ലോ.

(തുടരും)

---

ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (3)

മുരളീകൃഷ്ണൻ എം.വി.

ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

(കഴിഞ്ഞ ലക്കം തുടർച്ച)

## സ്തുതി–27

***യം ഭൂഷയന്തി കമനീയമഹീനഭോഗാഃ
സ്തുത്വാ ഭവന്തി കൃതിനോ യമഹീനഭോഗാഃ
ചിത്തോചിതം തമപഹായ മഹീനഭോഗാഃ
കർത്തും പരത്ര ഘൃതസംയമ !ഹീ ന ഭോ ഗാഃ***

അർത്ഥം - അല്ലയോ ശാന്തിസ്വരൂപനും ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതുമായ മനസ്സേ! പരമവും മനോഹരവുമായ വാസുകി തുടങ്ങിയ സർപ്പങ്ങൾ,

ശ്രീ സദാശിവന്റെ ശരീരത്തിൽ ഭൂഷണങ്ങളായി നിലകൊള്ളുന്നു. അതുപോലെതന്നെ പുണ്യശാലികളും ജ്ഞാനികളുമായ ജനങ്ങൾ അങ്ങയെ സ്തുതിച്ചുകൊണ്ട് നാനാപ്രകാരത്തിലുള്ള ഭോഗങ്ങളാൽ പരിപൂർണ്ണനായിരിക്കുന്നു. ഇത്തരത്തിലുള്ള ഭഗവാൻ സദാശിവനെ ഒഴിവാക്കികൊണ്ട് മറ്റുവിഷയങ്ങളിൽ സ്തുതികൾ രചിക്കുന്നത് നിനക്ക് ഉചിതമല്ല. അതായത് ശ്രീ സദാശിവനെ സ്തുതിക്കയാൽ ജ്ഞാനികളായ ജനങ്ങൾ സകലസമ്പത്തും പരിപൂർണ്ണമായി നേടിക്കൊണ്ട് പരമമായ ആനന്ദസൗഖ്യത്തിൽ മുഴുകിയിരിക്കുന്നു. ഇത്തരത്തിലുള്ള കരുണാസാഗരമായ ശ്രീ ശിവന്റെ സ്തുതികൾ രചിക്കാതെ പ്രാകൃതങ്ങളായ വസ്തുക്കളെ സ്തുതിക്കുന്നത് നിനക്ക് (മനസ്സിന്) ഉചിതമല്ല.

## സ്തുതി– 28

*അവാപ്യ ഗുരുഭിർഗുണൈർജഗതി ഗൗരവം ധ്യായത-*
*സ്തമീരമണശേഖരം ഭവതി ഗൗരവന്ധ്യാ യതഃ*
*അതസ്തമുമയാ സമം കതമഹാവിലാസം പ്രതി*
*സ്തുതൗ വിരചിതാ മയാ മതിരനാവിലാ സംപ്രതി*

അർത്ഥം - ഏതൊരു ചന്ദ്രശേഖരനെ ധ്യാനിക്കയാലാണോ ഭക്തരുടെ വാക്കുകൾ ഫലസമൃദ്ധമാകുന്നത്, അപ്രകാരംതന്നെ ആ ശക്തിയുടെ കൃപയാൽ എന്നിൽ ജഗത്തിലെ പാണ്ഡിത്യം, കവിത്വം എന്നീ സദ്ഗുണങ്ങളുടെ ഗുരുത്വം പ്രാപ്തമായി. അതുകൊണ്ട് ഈ സമയം എന്റെ അതീവമായ സ്വച്ഛമായ ആഗ്രഹം അവിടെ പാർവ്വതിയുടെ കൂടെ മഹാലീലകൾ ചെയ്യുന്ന ഭഗവാൻ ശങ്കരനെ സ്തുതിച്ചുകൊണ്ടിരിക്കുകയാണ്.

## സ്തുതി– 29

*മത്വാ സദ്യഃ സുകൃതസുഹൃദം ദുർല്ലഭം ജീവലോകം*
*ലബ്ധ്വാ സർവവ്യസനശമനം മിത്രമേകം വിവേകം*
*ധന്യാഃ കേചിത്കൃതകുമുദിനീകാന്തലേഖാവതംസം*
*ഹംസം ശംസന്ത്യമലമധുരൈർഭക്തിസിക്തൈർവചോഭിഃ*

അർത്ഥം - സുകൃതത്താൽ സുലഭമായ ഈ മനുഷ്യദേഹത്തിന് മനസ്സിലാക്കുവാൻ അതിദുർല്ലഭവും സമസ്ത വ്യസനങ്ങളേയും സമൂലമായി നഷ്ടമാക്കിത്തരുന്ന ഏകമായ ആ വിവേകരൂപിയായ മിത്രത്തെ ലഭിക്കുകയാൽ ധന്യനായ ഞാൻ ഇപ്പോൾ ഭക്തിരൂപിയായ അമൃതിൽ മുങ്ങി നിർമ്മലവും മധുരവുമായ വാക്കുകളാൽ ചന്ദ്രമൗലിയായ ഭഗവാൻ സദാശിവനെ സ്തുതിക്കുന്നു.

## സ്തുതി– 30

*അന്തഃശൂന്യം ഗുണവിരഹിതം നീരസം സർഗഹീനം*

*കാവ്യം ഹൃദ്യം നനു സുമനസാം ന സ്ഥലാമ്ഭോരുഹാഭം*
*തത്രാപീശഃ ശ്രവണപുലിനേ ഗാഢരാഗാനുബന്ധ-*
*പ്രോദ്യദ്ഭക്തിപ്രഗുണിതമദഃ കർതുമർഹത്യഗർഹം*

അർത്ഥം - ഈ സ്തുതി കുസുമാഞ്ജലി എന്ന കാവ്യം അന്തഃശ്ശൂന്യവും അതായത് ലക്ഷ്യാർത്ഥം വ്യങ്ഗ്യാർത്ഥം എന്നിവകൾ രഹിതമായതും ഗുണങ്ങൾ അതായത് ഓജസ്സ് മാധുര്യം ഇവകൾ ഇല്ലാത്തതും ശൃംഗാരാദി രസങ്ങൾ ഇല്ലാത്തതും സർഗരഹിതമായും സ്ഥലകമലം പോലെ ശുഷ്കമായതും ആയതിനാൽ ഈ കാവ്യം സുമനസ്സുകളായ വിദ്വാൻമാർക്ക് പ്രിയമായിരിക്കയില്ല. എന്നാൽ ശിവനിൽ ഗാഢമായ രാഗാനുബന്ധത്താൽ ഉണ്ടായതും അനേകരായ സദ്ഗുണസമ്പന്നരായ സഹൃദയരായ ഭാവുകജനങ്ങളാൽ ശ്ലാഘിക്കപ്പെട്ട ഈ കാവ്യം ശ്രീ സദാശിവന്റ കർണ്ണങ്ങളിൽ ചെന്നെത്തുവാൻ പ്രാപ്തമാകട്ടെ.

## സ്തുതി– 31

*അഥവാമൃതബിന്ദുവർഷിണീന്ദുദ്യുതിരാനന്ദമമന്ദമർപയന്തീ*
*നയതി ധ്രുവമാർദ്രതാമിയം ഗീർഗിരിജാജീവിതനാഥമിന്ദുകാന്തം*

അർത്ഥം - എപ്രകാരമാണോ അമൃതബിന്ദുവർഷിണിയായ ചന്ദ്രന്റെ ദ്യുതി (നിലാവ്) പെട്ടെന്നു തന്നെ ആനന്ദത്തെ പ്രദാനം ചെയ്യുന്നത്, അപ്രകാരം അമൃതബിന്ദുക്കളെ വർഷിക്കുന്നതും ശ്രോതാക്കളിൽ അതീവമായ ആനന്ദത്തെ കൊടുക്കുന്നതുമായ എന്റെ സ്തുതികൾ ശ്രീപാർവ്വതിയുടെ പ്രാണപ്രിയനായ ചന്ദ്രമൗലിയുടെ ചിത്തത്തിൽ ഉടനെതന്നെ ആർദ്രമാക്കുന്നതാണ്.

കാശ്മീരമഹാകവിയായ ശ്രീജഗദ്ധരഭട്ടനാൽ വിരചിതമായ ഭഗവാൻ ശിവന്റെ സ്തുതികുസുമാഞ്ജലിയിലെ 'സ്തുതി-പ്രസ്താവനാ' എന്ന പേരുള്ള പ്രഥമം സ്തോത്രം അവസാനിച്ചു.

# ദ്വിതീയ സ്തോത്രം

## സ്തുതി–1

*ഓം നമഃ പരമാർഥൈകരൂപായ പരമാത്മനേ*
*സ്വേച്ഛാവഭാസിതാസത്യഭേദഭിന്നായ ശാംഭവേ*

അർത്ഥം - പരമ ഉത്കൃഷ്ടവും ജ്ഞാനസ്വരൂപവും സ്വേച്ഛയാൽ പ്രകടമായതും സത്യമായതും ഭേദഭിന്നമായും കല്യാണ സ്വരൂപവുമായ പരമാത്മാവായ ശ്രീ സദാശിവനെ ഞാൻ നമസ്കരിക്കുന്നു.

## സ്തുതി– 2

*നമഃ ശിവായ നിഃശേഷക്ളേശപ്രശമശാലിനേ*

*ത്രിഗുണഗ്രന്ഥിദുർഭേദഭവഭേദവിഭേദിനേ*

അർത്ഥം - സ്ഥൂലസൂക്ഷ്മ ക്ലേശങ്ങളിൽ ത്രികാലങ്ങളിലും സംബന്ധരഹിതമായതും, സത്വരജതമോ ഗുണങ്ങളുടെ ഗ്രന്ഥി അത്യന്തം, ഇന്ദ്രിയഗോചര വിഷയങ്ങളുടെ സംബന്ധത്താൽ ഉൽപന്നമായ സംസാരചക്രബന്ധനത്തെ ഭേദിക്കുന്നവനുമായ ഭഗവാൻ സദാശിവന് നമസ്ക്കാരം.

## സ്തുതി–3

*നമഃ സമസ്തഗീർവാകിരീടഘടിതാങ്ഘ്രയേ*
*ജഗന്നഗനിർമാണനർമശർമദകർമണേ*

അർത്ഥം - സമസ്തദേവതകളുടേയും ശിരോമകുടങ്ങളിൽ കാണാൻ കഴിയുന്നത് ആരുടെ ചരണകമലങ്ങളാണോ, അപ്രകാരം ഈ ജഗത് രൂപത്തിലുള്ള നഗരത്തിന്റെ നിർമ്മാണം ആരുടെ സുമനോഹരമായ കല്യാണദായകമായ ക്രീഡയാണോ, ആ ശങ്കരന് പ്രണാമം.

## സ്തുതി– 4

*നമസ്തമസ്വതീകാന്തഖണ്ഡമണ്ഡിതമൗലയേ*
*താപാന്ധകാനിർവേദഖേദവിച്ഛേദവേദിനേ*

അർത്ഥം - ആരുടെ ശിരസ്സിലാണോ ചന്ദ്രക്കല ശോഭിച്ചുനിൽക്കുന്നത്, അതു പോലെ ആരാണോ ഭക്തരുടെ ദുഃഖങ്ങളേയും, അതുപോലെ അവിദ്യാമയമായ അന്ധകാരത്താൽ ഉൽപന്നമായ വേദനകളെ സമൂലമായി ഇല്ലാതാക്കുന്നത്, ആ കരുണാമയിയായ സദാശിവനെ പ്രണമിക്കുന്നു.

## സ്തുതി– 5

*നമഃ സമസ്തസങ്കൽപകൽപനാകൽപശാഖിനേ*
*വികാസികലികാകാന്തകലാപായ സ്വയംഭുവേ*

അർത്ഥം - പ്രാർത്ഥിക്കുന്ന ഭക്തർക്ക് അവരുടെ എല്ലാ ആഗ്രഹങ്ങളും പൂർത്തീകരിക്കുന്നവനും, അതുപോലെ വികസിച്ച മൊട്ടെന്നപോലെ അതായത് കല്പവൃക്ഷത്തെ പോലെ മനോഭിലഷിതമായ ആഗ്രഹങ്ങളെല്ലാം സാധിപ്പിക്കുന്നവനുമായ, ആ വികസിച്ച ചന്ദ്രക്കല അതിമനോഹരമായ ജടയിൽ ധരിച്ചവനു മായ അനാദിയായ ശിവന് നമസ്ക്കാരം.

## സ്തുതി– 6

*നമസ്തമഃപരാഭൃതഭൃതവർഗാനുകമ്പിനേ*
*ശ്വേതഭാനുബൃഹദ്ഭാനുഭാനുഭാസിതചക്ഷുഷേ*

അർത്ഥം - അവിദ്യാരൂപമായ അജ്ഞാനത്തെ (അന്ധകാരത്തെ) ഇല്ലാതാക്കി ദീനരിൽ അനുകമ്പ ചൊരിയുന്നവനും, ചന്ദ്രൻ, അഗ്നി, സൂര്യൻ

ഈ മൂന്നു പേരുടേയും നേത്രമായി ഭാസിക്കുന്നവനുമായ സദാശിവന് നമസ്കാരം.

## സ്തുതി– 7

*നമഃ ശമനഹുങ്കാകാതരാതുരഹർഷിണേ*
*ഭവായ ഭവദാവാഗ്നിവിവിഗ്നാമൃതവർഷിണേ*

അർത്ഥം - യമരാജന്റെ അതിഭയങ്കര ഗർജനത്താൽ ഭയഭീതരായ ആതുരജനങ്ങൾക്ക് അഭയം നൽകി സന്തോഷിപ്പിക്കുന്നവനും, അപ്രകാരം സംസാരരൂപിയായ കാട്ടുതീയാൽ വ്യാകുലപ്പെടുന്ന ദീനർക്ക് അമൃതവർഷം ചൊരിയുന്നവനുമായ സദാശിവനെ ഞാൻ പ്രണമിക്കുന്നു.

## സ്തുതി– 8

*നമഃ സമദനദർപദർപജ്വരഭരച്ഛിദേ*
*ദുർവാഭവരുഗ്ഭങ്ഗഭിഷജേ വൃഷലക്ഷ്മണേ*

അർത്ഥം - ആരാണോ മദോന്മത്തനായ കാമദേവന്റെ അഹങ്കാരരൂപിയായ ജ്വരത്തെ മുഴുവനായിതന്നെ ഇല്ലാതാക്കിയത്, അതുപോലെ നിയന്ത്രിക്കാൻ ബുദ്ധിമുട്ടേറിയ സംസാരത്തിലെ വ്യാധികൾക്ക് ആരാണോ ചികിത്സകൻ ആയിട്ടുള്ളത്, ആ വൃഷധ്വജനായ ശിവനെ ഞാൻ നമസ്കരിക്കുന്നു.

## സ്തുതി– 9

*നമോ ജന്മജരാമൃത്യുഭീതിസാതങ്കപാലിനേ*
*കരുണാമൃതസംപകപേശലായ കപാലിനേ*

അർത്ഥം - ജന്മം, ജരാ, മരണം എന്നിവയിൽ ഭയന്നു ദുഃഖിച്ചിരിക്കുന്നവരെ പാലിക്കുന്നവനും, കൃപാരൂപമായ അമൃതിന്റെ സമ്പർക്കത്താൽ അതികോമളനായിരിക്കുന്നവനും, കയ്യിൽ കപാലത്തെ ധരിച്ചിരിക്കുന്നവനുമായ ശങ്കരന് നമസ്കാരം.

## സ്തുതി– 10

*നമോ നിസർഗനിർവിഘ്നപ്രസാദാമൃതസിന്ധവേ*
*സംസാരമരുസന്താപതാപിതാപന്നബന്ധവേ*

അർത്ഥം - ഒരു തരത്തിലുമുള്ള വിഘ്നങ്ങൾ ഒന്നുമില്ലാതെ സ്വാഭവികമായി പ്രസന്നരായിരിക്കുവർക്കും, അതുപോലെ സംസാരരൂപിയായ മരുഭൂമിയിൽ ദുഃഖങ്ങളാൽ തപിച്ചിരിക്കുന്ന ശരണാഗതർക്കും ബാന്ധവനായ സദാശിവന് നമസ്കാരം.

**സ്തുതി– 11**

*നമഃ സാന്ദ്രാമൃതസ്യന്ദിഘനധ്വനിതശോഭിനേ*
*മഹാകാളായ ഭീഷ്മോഷ്മഭവഗ്രീഷ്മക്ളമച്ഛിദേ*

അർത്ഥം - ജലത്താൽ നിറഞ്ഞ് പെയ്യാൻ തയ്യാറായിരിക്കുന്ന മേഘങ്ങളുടെ ശബ്ദത്താൽ സുശോഭിതമായും, അതുപോലെ ഗ്രീഷ്മകാലത്ത് ഭയാപഹമായ ഉഷ്ണത്താൽ ഉടലെടുത്ത ക്ഷീണത്തെ ശമിപ്പിക്കുവാനായി വർഷകാലരൂപത്തിൽ ഉടലെടുക്കുന്നവനും, അതിഗാഢ കൃപാരൂപമായ മംഗളരൂപമായ അമൃതിനെ വർഷി പ്പിച്ച് അഭയം പ്രദാനം ചെയ്യുന്നവനമായ ശിവന് പ്രണാമം.

**സ്തുതി– 12**

*നമോ വാങ്മനസാതീതമഹിമ്നേ പരമേഷ്ഠിനേ*
*ത്രിഗുണാഷ്ടഗുണാനന്തഗുണനിർഗുണമൂർത്തയേ*

അർത്ഥം - ആരുടെ മഹത്തരമായ വാക്കാണോ മനസ്സിനേക്കാൾ ഉയർന്നത്, ആരാണോ സത്വരജതമോ ഗുണങ്ങളാൽ അനുരൂപമായത്, ആരാണോ ബുദ്ധി, സുഖം, ദുഃഖം, ഇച്ഛാ, ദ്വേഷം, പ്രയത്നം, ധർമ്മം, അധർമ്മം എന്നീ അഷ്ടഗുണങ്ങളും ധരിച്ചിരിക്കുന്നവരും, നിർഗുണനായതും, ആരാണോ സൃഷ്ടിക്കുവേണ്ടി ബ്രഹ്മാ വിന്റെ രൂപത്തിൽ സ്ഥിതിചെയ്യുന്നത്, ആ ശങ്കരന് പ്രണാമം.

(തുടരും)

---

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (11)

(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞ ലക്കം തുടർച്ച)

**കാലാദീനാം തത്ത്വാനാം ചൈതദ്വേഷ്ടനക്രമേണ സ്വരൂപമാഹ–**

*17. അധുനൈവ കിഞ്ചിദേവേദമേവ സർവാത്മനൈവ ജാനാമി*

*മായാസഹിതം കഞ്ചുകഷട്കമണോരന്തരങ്ഗമിദമുക്തം.*

**സാരം** - കാലം തുടങ്ങിയവയുടെ ആവരണങ്ങളുടെ സ്വരൂപം ക്രമേണ പറയുന്നു.

ഇപ്പോൾ മാത്രം, കുറച്ചു മാത്രം, ഇതു മാത്രം, എന്റെ എല്ലാംകൊണ്ടും (അല്പമായ) ഞാൻ (അല്പമായതിനെ) അറിയുന്നു. ഇപ്രകാരം മായയെയും കൂട്ടി അണുവായ അല്പാഹംബോധത്തിന് ആറ് കഞ്ചുകങ്ങൾ പ്രകൃതമായി ത്തന്നെ വരുന്നു.

**വിവൃതി** - ഇത്ഥം സ്വതന്ത്രോപി ബോധഃ സ്വമായയാ യഥാണുത്വം പ്രാപ്തസ്തഥൈവ തദീയേ ജ്ഞാനക്രിയാശക്തീ സംകുചിതേ അസ്യ പശുരൂപസ്യ വിദ്യാകലേ ഇത്യുച്യേതേ.യഥാ രാജ്ഞാപഹൃതസർവസ്വസ്യാനുകമ്പയാ ജീവനാർത്ഥം കിഞ്ചിദ്വചനം സ്തോകം ദീയതേ, തഥൈവാ ണുത്വമാപന്നസ്യ ബോധസ്യാപഹൃതസർവജ്ഞത്വാദേഃ കിഞ്ചിത് കർതൃതാപരമാർത്ഥം ജ്ഞത്വമുപോദ്ബല്യത ഇതി ജ്ഞത്വസ്യൈവ പ്രാധാന്യാദ് കാലാദീനാം ജാനാതിനാന്വയോ ദർശിതഃ. ഇദം കഞ്ചുകഷട്കം ഉക്തരൂപയാ മായയാ യുക്തം അണോഃ  ആണവമലാപഹസ്തിതസർവജ്ഞത്വാദേഃ പുംസഃ സ്വരൂപാച്ഛാദകം സ്വർണസ്യ കാളികേവ അന്തരങ്ഗം നിജം കഥിതം. കിം രൂപമിത്യാഹ, അധുനാ ഇത്യാദി. അധുനൈവ ജാനാമി ഇതി സോണർവർത്തമാനതയേദം പ്രാങ്മയാ ജ്ഞാതം ജാനാമി ജ്ഞാസ്യാമീത്യേവമപി കൃതം കരോമി കരിഷ്യേ ജ്ഞാന ക്രിയാസ്വരൂപേണ ഭാവാനപി തഥാ കലയന്നവിച്ഛിനത്തി ചേത്യോഷോസ്യ കാലഃ. തഥാ കിഞ്ചിദേവ ഇത്യവച്ഛിന്നമേവ കരോതി സർവം കർതും നാലം ഘടമാത്രകരണായ പ്രഭവതി ന പടാദാവിത്യേതദസ്യാണോഃ കലാതത്ത്വം. ഇദമേവ ഇതി നിയതാത്കാരനാന്നിയതം കാര്യം യദർത്ഥയതേ യഥാ വഹ്നേരേവ ധൂമോശ്വമേധാദി- കർമ്മണ ഏവ സ്വർഗ്ഗാദിഫലം ന സർവസ്മാദിത്യേവം നിയമേന സ്വസങ്കല്പകൃതകർമ്മപ്രബന്ധസമുത്ഥപുണ്യാപുണ്യൈഃ ആത്മാ നിയമ്യതേ, തദസ്യ നിയതി തത്ത്വം. തഥാ സർവാത്മനാ ഇതി യേയമപൂർണ്ണം മന്യതാ സർവ്വം മമേദമുപയുജ്യതേ ഭൂയാസം മാ കദാചിന്ന ഭൂവമിത്യേതത് പശോഃ രാഗതത്ത്വം. ബുദ്ധിധർമ്മോ യോ രാഗഃ സ ഏകത്ര കുത്രാപി കാന്താലക്ഷണോർത്ഥേ അന്യദപോഹ്യാത്ര മേ രാഗ ഇത്യഭിഷ്വങ്ഗമാത്രം ന സർവകാങ്ക്ഷാമയസ്യ രാഗതത്ത്വസ്യ സമാനഃ. തഥാ ജാനാമി ഇതി കിഞ്ചിദേവ പുരോവർത്തിഘടാദികം ന പുനർദ്ദൂരവ്യവഹിതം വസ്ത്വിതി വിദ്യാതത്ത്വം. ശുദ്ധവിദ്യാപേക്ഷയാ കാരികായാമവിദ്യേതി കഥിതം ന പുനർവേദനാഭാവാത്. മായാസഹിതം  ഭേദപ്രഥായുക്തമേതത് കഞ്ചുകഷട്കം പശോരിതി.

**പരിഭാഷ** - ഇപ്രകാരം പരമബോധം സ്വതന്ത്രനാണെങ്കിൽക്കൂടി സ്വസ്വാതന്ത്ര്യശക്തിയായ മായയാൽ അണുത്വം പ്രാപിക്കപ്പെടുമ്പോൾ അതിന്റെ ജ്ഞാനക്രിയാശക്തികൾ ചുരുങ്ങി വിദ്യാ, കലാ എന്നിവ യായിത്തീരുന്നു. എപ്രകാരമാണോ ഒരു രാജാവ് സ്വത്തുക്കളെല്ലാം കയ്യടക്കിയ ശേഷം ഒരാൾക്ക് ജീവനാംശ മായി കുറച്ചുമാത്രം അളവിൽ കൊടുക്കുന്നത് അപ്രകാരം പരമബോധത്തിന്റെ സർവജ്ഞത്ത്വം തുട ങ്ങിയ ഗുണങ്ങൾ അപഹരിച്ചുകൊണ്ട് അല്പമായ കർമ്മം ചെയ്യുക എന്ന ലക്ഷ്യത്തോടെ (സ്വേച്ഛയാൽ) ചുരുങ്ങുന്നു. അറിയുക (ജ്ഞാനം) എന്നതാണ് പരമ പ്രാധാന്യത്തോട്ടു കൂടിയത് എന്നതിനാൽ മറ്റഞ്ചി നും ജ്ഞാനത്തിന്റെ താഴെയാണ് സ്ഥാനം. മേൽപ്പറഞ്ഞ മായയോടു കൂടിയ അണുവിന്റെ ഈ ആറു കഞ്ചുകങ്ങൾ ആണവമലം തുടങ്ങിയ വയാൽ അപഹരിക്കപ്പെട്ട സർവജ്ഞത്ത്വാദികളായ പരമപുരുഷന്റെ സ്വരൂപത്തെ മറക്കുന്നവയായി സ്വർണ്ണത്തിൽ സ്വതവേയുള്ള കാളിമ യെപ്പോലെ നിലനിൽക്കുന്നു. എങ്ങനിയുള്ളവയാണ് ഈ (കഞ്ചുകങ്ങ ളുടെ) സ്വരൂപങ്ങൾ എന്നു പറയുന്നു. "ഇപ്പോൾ തന്നെ" എന്നിവയെ ക്കൊണ്ട്. "ഇപ്പോൾത്തന്നെ ഞാനറിയുന്നു" എന്നതു കൊണ്ട് "ഇതിനു മുൻപ് ഞാനറിയുന്നില്ല," "ഇതിനു ശേഷം (ഭാവിയിൽ) ഞാനറിയില്ല" എന്നിങ്ങനെയും "മുൻപു ചെയ്തു, ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നു, ഭാവിയിൽ ചെയ്യാൻ പോകുന്നു" എന്നിങ്ങനെയും നിലനിന്നുകൊണ്ട് ജ്ഞാനക്രിയാസ്വരൂപങ്ങളെ ചുരുക്കുന്ന ഗുണമാണ് കാലം. അപ്രകാ രം "കുറച്ചു മാത്രം" എന്നതിനാൽ പരിമിതമായ അറിവിനും പ്രവൃത്തിക്കും മാത്രം സാധ്യമാകുകയും കുടത്തിനെ മാത്രം അറിയാനും നിർമ്മിക്കാ നും ശക്തമാകുകയും പടത്തെ അപ്രകാരം ചെയ്യാൻ ശക്തമാകാതെ വരികയും ചെയ്യുന്നതാണ് കല എന്ന തത്ത്വം. "ഇത്ര മാത്രം" എന്നതു കൊണ്ട് ചുരുക്കപ്പെട്ട്, എല്ലാത്തിൽ നിന്നുമല്ലാതെ തീയിൽ നിന്നും മാത്രം പുക, അശ്വമേധാദികർമ്മങ്ങളിൽ നിന്നു മാത്രം സ്വർഗ്ഗാദിഫ ലം എന്നിങ്ങനെ സ്വസങ്കല്പങ്ങളിൽ നിന്നുമുണ്ടായ പുണ്യാപുണ്യങ്ങളിൽ ആത്മാവ് നിയന്ത്രിക്കപ്പെട്ടവനാകുന്നു. അതാണ് ഇതിന്റെ നിയതി എന്ന തത്ത്വം. "എന്റെ എല്ലാംകൊണ്ടും" എന്നതുകൊണ്ട് ഞാൻ അപൂർ ണ്ണനാണെന്നും മറ്റെല്ലാം എന്റെ ഉപയോഗത്തിനു വേണ്ടിയുള്ളതാ ണെന്നും "ഞാൻ ഇങ്ങനെയൊക്കെ ആകുമെന്നും" "എനിക്കൊന്നും സംഭവിക്കുകയില്ല" എന്നുമൊക്കെയുള്ളതിനു കാരണമാകുന്ന താണ് രാഗം എന്ന തത്ത്വം. ബുദ്ധിയുടെ ധർമ്മമായ രാഗം ഒരു സ്ഥലത്ത് തനിക്കു പ്രിയപ്പെട്ടതായി ഒന്നുണ്ടാവുകയും മറ്റെല്ലാത്തിനെയും അപേ

ക്ഷിച്ച് അതിനോട്ടു മാത്രം ഉണ്ടാകുകയും ചെയ്യുന്ന രാഗം എല്ലാത്തിനോട്ടും തോന്നുന്ന രാഗത്തിൽ നിന്നും വ്യത്യസ്തമാണ്. "ഞാൻ മനസ്സിലാക്കുന്നു" എന്നത് എന്റെ അടുത്തുള്ള ഘടാദികളെ മാത്രം മനസ്സിലാക്കുന്നു മറ്റു ദൂരെയുള്ള വസ്തുക്കളെ മനസ്സിലാക്കുന്നില്ല എന്നതാണ് വിദ്യാ എന്ന തത്ത്വം. മുൻപത്തെ കാരികയിൽ അവിദ്യ എന്നതിന് ജ്ഞാനത്തിന്റെ അഭാവം എന്നതല്ല അർത്ഥം, മറിച്ച് മായയോട്ടുകൂടിയ കഞ്ചുകഷ്ടകത്തോടു കൂടിയ അല്പമായ പശുവിന്റെ ജ്ഞാനം എന്നാണ്.

(തുടരും)

---

# കാശ്മീര ശൈവസമ്പ്രദായം (10)

## [പരമാദ്വയവാദം] : ഒരാമുഖം

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞ ലക്കം തുടർച്ച)

**ഏഴാം ആഹ്നികം (ദേശാദ്ധ്വാ)**

ഈ ആഹ്നികത്തിൽ ദീക്ഷാസമയത്ത് തത്വങ്ങളെ ലയിപ്പിക്കേണ്ട ക്രമത്തെ പറയുന്നു. തത്വങ്ങളെ എങ്ങനെയാണ് ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നത് എന്ന് നോക്കാം. പൃഥിവീതത്വം നൂറു കോടി വിസ്തീർണ്ണമുള്ളതും ബ്രഹ്മാണ്ഡ ഗോള രൂപത്തോട് കൂടിയതുമാണ്. ബ്രഹ്മാവിനെ സംബന്ധിച്ച അണ്ഡമാണ് ബ്രഹ്മാണ്ഡം. വസ്തുപിണ്ഡോ അണ്ഡമുച്യതേ എന്നാണ് പറയപ്പെടുന്നത്. വസ്തു എന്നാൽ ശരീരം, ഇന്ദ്രിയങ്ങൾ തുടങ്ങിയവ. ഇവയുടെ സമൂഹമാണ് അണ്ഡം. ആ അണ്ഡം തന്നെയാണ് ഗോളകം. അതിനെയാണ് ബ്രഹ്മാണ്ഡഗോളകം എന്ന് പറയുന്നത്. ആ ബ്രഹ്മാണ്ഡത്തിലാണ് കാലാഗ്നി, നരകങ്ങൾ, പാതാളം, സ്വർഗ്ഗം, പൃഥിവി, ബ്രഹ്മലോകം എന്നിവ. ബ്രഹ്മാണ്ഡം അസംഖ്യമാണ്. ആ ബ്രഹ്മാണ്ഡത്തിനും പുറത്തായി നൂറു രുദ്രന്മാർ. ഈക്രമത്തിലാണ് ലോകങ്ങളെ വർണ്ണിക്കുന്നത്. ശൈവന്മാർക്ക് സമ്മതമായ പ്രപഞ്ചസങ്കൽപ്പമാണിത്.

തുടർന്ന് മറ്റ് മൂന്ന് അണ്ഡങ്ങളെക്കുറിച്ചും പറയുന്നു. ജലതത്വം, തേജസ്തത്വം, വായുതത്വം, ആകാശതത്വം, പഞ്ചതന്മാത്രകൾ, പഞ്ചകർമ്മേന്ദ്രിയങ്ങൾ, പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, അഹങ്കാരതത്വം, ബുദ്ധിതത്വം, പ്രകൃതിതത്വം— ഇത്രയും പ്രകൃത്യണ്ഡം.

പിന്നെ പുരുഷതത്വം, നിയതിതത്വം, രാഗതത്വം, അശുദ്ധവിദ്യാതത്വം, കാലതത്വം, കലാതത്വം, മായാതത്വം... ഇത്രയും മായാണ്ഡം.

പിന്നെ ശുദ്ധവിദ്യാ, ഈശ്വരതത്വം, സദാശിവതത്വം, ശക്തിതത്വം.... ഇത്രയും ശക്ത്യണ്ഡം.

ഈ ശക്തി വിശ്വത്തെ മുഴുവനും ഷഡദ്ധ്വങ്ങളേയും വ്യാപിച്ചുനില്ക്കുന്നുവെന്നതിനാൽ വ്യാപിനീ. ഈ പറഞ്ഞവയിൽ മുൻപ് മുൻപ് പറഞ്ഞ തത്വങ്ങൾ വ്യാപകങ്ങൾ. പിന്നീട് പിന്നീട് വരുന്നവ വ്യാപ്യങ്ങൾ. അതായത് പൃഥിവീതത്വം വ്യാപ്യം. പൃഥീവീ തത്വത്തിൽ വ്യാപിച്ചിരിക്കുന്നതിനാൽ ജലതത്വം വ്യാപകം. എല്ലാ തത്വങ്ങളിലും വ്യാപിച്ച് കിടക്കുന്നതാണ് ശിവതത്വം. ഈ ശിവതത്വം അപ്രമേയവും (അറിവിന് വിഷയമല്ലാത്തത്) എല്ലാ തത്വങ്ങൾക്കും അതീതമായി നിലകൊള്ളുന്നതും, എല്ലാ അദ്ധ്വങ്ങളിലും വ്യാപിച്ചിരിക്കുന്നതുമാകുന്നു. ഈ തത്വങ്ങൾക്കകത്തായി പല പല ലോകങ്ങൾ ഉണ്ട്. ലോകങ്ങൾക്കൊക്കെയും ലോകാധി പന്മാരും. ദീക്ഷാസമയത്ത് ഓരോരോ തത്വങ്ങളേയും അതിന് തൊട്ടുമുകളിലുള്ള തത്വങ്ങളിൽ ലയിപ്പിക്കുന്നു. അതുപോലെ ഊർദ്ധ്വലോകങ്ങളിലേക്കും ഗുരു ശിഷ്യനെ നയിക്കുന്നു. ഇത്രയും വിഷയങ്ങളാണ് ഈ അദ്ധ്യായത്തിലെ വിഷയം.

## എട്ടാം ആഹ്നികം (തത്വാദ്ധ്വാ)

ഈ ആഹ്നികത്തിൽ ആദ്യം കാര്യകാരണഭാവം രണ്ടുതരത്തിലുണ്ടെന്ന് സ്ഥാപിച്ചതിനുശേഷം ശിവന് പ്രധാനമായും അഞ്ച് ശക്തികളാണ് ഉള്ളതെന്ന് പറയുന്നു. ശക്തികൾ പ്രധാനമായും ചിത്, ആനന്ദ, ഇച്ഛാ, ജ്ഞാന, ക്രിയാ എന്ന പേരുകളോട് കൂടിയതാണ്. ചിച്ഛക്തിപ്രാധാന്യമുള്ളതാണ് ശിവതത്വം. ആനന്ദശക്തിപ്രധാനമാണ് ശക്തിതത്വം. ഇച്ഛാശക്തിപ്രധാനമാണ് സദാശിവതത്വം. ജ്ഞാനശക്തിപ്രധാനമാണ് ഈശ്വരതത്വം. ക്രിയാശക്തിക്ക് പ്രാധാന്യം വരുമ്പോൾ വിദ്യാതത്വം. ഇതാണ് ശുദ്ധാദ്ധ്വം. അശുദ്ധാദ്ധ്വത്തെ സൃഷ്ടിക്കുന്നത് അനന്തൻ (അഘോരേശൻ) ആണ്. ഭോഗലോലുപന്മാർക്ക് വേണ്ടിയാണ് അശുദ്ധാദ്ധ്വത്തെ അനന്തൻ സൃഷ്ടിക്കുന്നത്.

ഇങ്ങനെ ശുദ്ധാശുദ്ധാദ്ധ്വങ്ങളെ പറഞ്ഞശേഷം ഈ ആഹ്നികത്തിൽ ക്രമത്തിൽ തത്വസൃഷ്ടിയും പ്രതിപാദിക്കുന്നു.

## ഒമ്പതാമാഹ്നികം

ഈ ആഹ്നികത്തിൽ ശിവൻ, മന്ത്രമഹേശൻ, മന്ത്രേശൻ, മന്ത്രൻ, വിജ്ഞാനാകലൻ, പ്രളയാകലൻ, സകലൻ തുടങ്ങിയ സപ്തപ്രമാതാക്കളേയും അവരുടെ ഏഴ് ശക്തികളേയും കുറിച്ച് പ്രതിപാദിക്കുന്നു. ശക്തിഭേദം ആണ് പ്രമാതൃഭേ ദങ്ങളെ നിർണ്ണയിക്കുന്നത്. സകലന് വിദ്യയും കലയുമാണ് ശക്തികൾ. പ്രളയാകലനും ഇതുതന്നെയാണ് ശക്തികൾ എങ്കിലും പ്രളയാകലന് അറിവിന് വിഷയമായി ഒന്നും ഇല്ല എന്നതിനാൽ ഈ ശക്തികൾ പ്രകടമല്ല. ഇപ്രകാരം പ്രമാതാക്കളെക്കുറിച്ചും ശക്തികളെക്കുറിച്ചും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

## പത്താമാഹ്നികം (കലാദ്ധ്വാ)

ഈ ആഹ്നികത്തിൽ മുപ്പത്തിയാറ് തത്വങ്ങളെ എങ്ങനെ നിവൃത്തി, പ്രതിഷ്ഠാ, വിദ്യാ, ശാന്ത്യതീത, ശാന്തകലകളായി തിരിക്കുന്നു എന്ന വിഷയമാണ് ആദ്യം ചർച്ചചെയ്യുന്നത്. പിന്നീട് ഈ അഞ്ചു കലകളെ വീണ്ടും ആത്മകലാ, വിദ്യാകലാ, ശിവകലാ എന്നിങ്ങനെ മൂന്നായി ചുരുക്കുന്നു.

## പതിനൊന്നാം ആഹ്നികം (ദീക്ഷാ)

ഈ ആഹ്നികത്തിൽ ആദ്യം ശക്തിപാതമാണ് അജ്ഞാനത്തെ ഇല്ലാതാക്കുന്നത് എന്നു പറഞ്ഞശേഷം ശക്തിപാതത്തിന് എന്താണ് കാരണം എന്ന് ചർച്ചചെയ്യുന്നു. ശക്തിപാതം ഒമ്പത് തരത്തിലാണ്  ഉത്കൃഷ്ടതീവ്രം, മദ്ധ്യതീവ്രം, മന്ദതീവ്രം, മദ്ധ്യതീവ്രം, മദ്ധ്യമദ്ധ്യം, മദ്ധ്യമന്ദം, മന്ദതീവ്രം, മന്ദമദ്ധ്യം, മന്ദമന്ദം എന്നിങ്ങനെ.

ഉത്കൃഷ്ടതീവ്രശക്തിപാതത്താൽ അത് ലഭിക്കുന്നയാൾ അപ്പോൾത്തന്നെ മരണം സംഭവിച്ച് ശിവഭാവത്തിൽ ലയിക്കുന്നു. മദ്ധ്യതീവ്രശക്തിപാതത്താൽ അത് ലഭിക്കുന്നയാൾ ഒരു പ്രത്യേക ആചാര്യനോ ശാസ്ത്രമോ ഇല്ലാതെ തന്നെ പ്രതിഭാവാനായിത്തീരുന്നു. ഇങ്ങനെ ശക്തിപാതം സിദ്ധിച്ച ആൾ ഗുരുവായിത്തീ രുമ്പോൾ പ്രാതിഭഗുരു എന്നു പറയുന്നു. ഇങ്ങനയുള്ള ആൾക്ക് സാധാരണശാസ്ത്രനിയമങ്ങൾ ഒന്നും ബാധകമല്ല.

മദ്ധ്യതീവ്രശക്തിപാതം ലഭിച്ചയാൾക്ക് താൻ ശിവനാണെന്നുള്ള ബോധം ഉറച്ചിട്ടുണ്ടാവില്ല. ആ ബോധം ക്രമേണ ഉറച്ചുകഴിഞ്ഞാൽ ദേഹത്യാഗം വഴി മുക്തനായിത്തീരുന്നു.  മദ്ധ്യമദ്ധ്യശക്തിപാതം ലഭിച്ചയാൾക്ക് ഭോഗങ്ങൾ അനുഭവിക്കാനുള്ള ആഗ്രഹം പൂർണ്ണമായും മാറിയിട്ടുണ്ടാവില്ല. അങ്ങനെ ഉള്ള ആളും ദേഹപാതാനന്തരം മുക്തനായിത്തീരുന്നു. മദ്ധ്യമന്ദശ

ക്തിപാതം ലഭിച്ച ആൾ മരിച്ചശേഷം മറ്റുലോകങ്ങളിൽ ചെന്ന് ഭോഗങ്ങൾ അനുഭവിച്ചശേഷം ശിവനായിത്തീരുന്നു. ഇപ്രകാരം ഈ ആഹ്നികത്തിൽ ഒമ്പത് തരത്തിലുമുള്ള ശക്തിപാതം ലഭിച്ചാലുമുള്ള അനസ്ഥാന്തരങ്ങളെക്കുറിച്ചും സവിസ്തരം പ്രതിപാദിക്കുന്നു.

ശക്തിപാതം തന്നെയാണ് അസദ്ഗുരുവിൽ നിന്നും സദ്ഗുരുവിലേക്ക് പോകാനുള്ള ആഗ്രഹം ജനിപ്പിക്കുന്നതെന്ന് അഭിനവഗുപ്തപാദർ അസന്ദിഗ്ധം സമർത്ഥിക്കുന്നു. ഗുരു നോട്ടംകൊണ്ടോ, സംസാരംകൊണ്ടോ, ശാസ്ത്രാഭ്യസനം വഴിയോ, പൂജാസങ്കേതങ്ങൾ കാണിച്ചിട്ടോ, പൂജാദ്രവ്യങ്ങൾ കാണിച്ചിട്ടോ ശിഷ്യ ന് ശക്തിപാതം കൊടുക്കാം.

## പന്ത്രാണ്ടാമാഹ്നികം

ദീക്ഷയ്ക്ക് മുമ്പുള്ള സ്നാനത്തെ കുറിച്ചാണ് ഈ ആഹ്നികത്തിൽ ആദ്യം പറയുന്നത്. പ്രപഞ്ചത്തിലെ വസ്തുക്കളെ ശിവനിൽ നിന്നും ഭിന്നമായിക്കാണുന്നതാണ് അശുദ്ധി. അതില്ലാതാവുന്നതാവട്ടെ ഭൈരവസമാവേശം വഴിയാണ്. ആ ഭൈരവസമാവേശം ചിലപ്പോൾ ചിലർക്ക് പെട്ടെന്ന് സംഭവിക്കും. ചിലർക്ക് മറ്റ് ഉപായങ്ങളിലൂടെ സംഭവിക്കുന്നു. തുടർന്ന് ശുദ്ധമാകുന്നതുവഴി എങ്ങനെ ഭൈരവസമാവേശം പ്രാപ്യമാകും എന്ന് ഈ ആഹ്നികത്തിൽ പറയുന്നു.

## പതിമൂന്നാമാഹ്നികം

പന്ത്രണ്ടാമാഹ്നികത്തിൽ പറഞ്ഞപ്രകാരം ബാഹ്യാഭ്യന്തരശുദ്ധി വരുത്തിയതിന് ശേഷം പ്രസന്നഹൃദയനായി ഗുരു ദീക്ഷനടത്താനുള്ള യാഗമന്ദിരത്തിലേക്ക് പോവണം. എവിടെയാണോ മനസ്സിന് സന്തോഷമുണ്ടാകുന്നത് ആ പ്രദേശത്തായിരിക്കണം യാഗമന്ദിരമുണ്ടാക്കുന്നത്. ശാസ്ത്രങ്ങളിൽ പർവ്വതാഗ്രം തുടങ്ങിയ സ്ഥലങ്ങൾ നിർദ്ദേശിച്ചുകാണുന്നതും ഈയൊരർത്ഥത്തിൽ തന്നെയാണ്. യാഗമണ്ഡപത്തിലെത്തിയാൽ പൂജ ആരംഭിക്കുകയായി. ആദ്യം മാലിനീന്യാസത്തെക്കുറിച്ചാണ് പറയുന്നത്. തുടർന്ന് അക്ഷരമാലാക്രമത്തിൽ മാലിനിക്കുള്ള സവിശേഷതകളെക്കുറിച്ച് പരാമർശിക്കുന്നു. പിന്നീട് ദീക്ഷാപൂജയാണ് ഇതിലെ പ്രധാനപ്രതിപാദ്യ വിഷയം. പൂജയുടെ ഭാഗമായുള്ള അന്തർയാഗത്തെ ആദ്യം വിസ്തരിച്ച് പറഞ്ഞശേഷം ബഹിർയാഗത്തെ അതായത് മണ്ഡലപൂജയെ പറയുന്നു. അതിൽ ഭൂപരിഗ്രഹം, ഗണേശാർചനം, കുംഭേശകലശപൂജ, മണ്ഡലാർച്ചനം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുന്നു. ദീക്ഷയ്ക്ക് ശേഷം ഗുരു ശിഷ്യന് തുടർന്ന് ആചരിക്കേണ്ട കാര്യങ്ങളെക്കുറിച്ച് പറഞ്ഞുകോടുക്കുന്നു. അതിങ്ങനെയാണ്.

ഗുരുവിൽ സർവ്വാത്മനാ ഭക്തിയുണ്ടാകണം, അതുപോലെത്തന്നെ ശാസ്ത്രത്തിലും ദേവനിലും. ഗുരുവിന്റെ അടുത്ത് എങ്ങനെയാണോ പെരുമാറുന്നത് അതുപോലെ ഗുരുപുത്രന്മാരോടും പെരുമാറണം. ഗുരുവിന്റേയും ദേവതയുടേയും പേരുകളും മന്ത്രവും പൂജാസമയത്തല്ലാതെ ഉച്ചരിക്കാൻ പാടില്ല. പൂജാസങ്കേത ത്തിൽ ജാതിചിന്ത പാടില്ല. ശരീരത്തെ അല്ലാതെ മറ്റൊരു പുണ്യസ്ഥലത്തെയും ബഹുമാനത്തോടെ കാണരുത്.

ഇതതുപോലെയുള്ള സമയാചാരത്തെ അഥവാ നിയമങ്ങളെ ശിഷ്യന് ഉപദേശിച്ചുകൊണ്ട് ഈ ആഹ്നികം അവസാനിക്കുന്നു.

## പതിനാലാമാഹ്നികം (പുത്രകദീക്ഷാ വിധിഃ)

ഈ ആഹ്നികത്തിൽ പുത്രകദീക്ഷ വിസ്തരിച്ച് പറയുന്നു. ഈ ദീക്ഷകൊണ്ട് പ്രാരബ്ധകർമ്മം ഒഴികെ സഞ്ചിതമവും ആഗമികവുമായ കർമ്മങ്ങൾ എല്ലാം ശുദ്ധമാവും എന്നുപറഞ്ഞുകൊണ്ട് ഈ ആഹ്നികം അവസാനിക്കുന്നു.

## പതിനഞ്ചാമാഹ്നികം (സമുത്ക്രമണദീക്ഷാ)

ഒരാളുടെ മരണകാലത്ത് കൊടുക്കേണ്ട ദീക്ഷയാണ് സമുത്ക്രമണദീക്ഷാ. ഈ ദീക്ഷ ലഭിച്ചുകഴിഞ്ഞാൽ ആ ആത്മാവ് പുനർജനിക്കില്ല എന്നാണ് വിശ്വാ സം.

## പതിനാറാമാഹ്നികം (പരോക്ഷദീക്ഷാ)

തൊട്ടടുത്ത് ഇല്ലാത്തതോ മരിച്ചതോ ആയ ഒരാൾക്ക് ദീക്ഷ നൽകുന്നതിനെയാണ് പരോക്ഷദീക്ഷാ എന്നു പറയുന്നത്. ഇങ്ങനെയുള്ള ആളെ ദീക്ഷിക്കുന്ന വിധമാണ് ഈ ആഹ്നികത്തിൽ പ്രതിപാദിക്കുന്നത്.

## പതിനേഴാമാഹ്നികം (ലിംഗോദ്ധാരദീക്ഷാ)

ലിംഗം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് അടയാളത്തെയാണ്. അതായത് വൈഷ്ണവം തുടങ്ങിയ മറ്റു സമ്പ്രദായങ്ങളിൽ ദീക്ഷലഭിച്ച ഒരാളെ ഈ പരമാദ്വയസമപ്രദായത്തിലേക്ക് പ്രവേശിപ്പിക്കുമ്പോൾ നല്കുന്ന ദീക്ഷയാണ് ലിംഗോദ്ധാരദീക്ഷാ. ഈ ശാസ്ത്രമനുസരിച്ച് വേറൊരുസമ്പ്രദായത്തിൽ പെട്ട ആൾ ഈ ശാസ്ത്രത്തിലേക്ക് തിരിയാനും ശക്തിപാതമാണ് കാരണം. ശക്തിപാതം ലഭിച്ച വേറൊരു സമ്പ്രദയത്തിൽ പെട്ട ഒരാൾക്ക് ദീക്ഷനൽകുന്നതെങ്ങനെയെന്ന ഈ ആഹ്നികത്തിൽ വിസ്തരിച്ച് പ്രതിപാദിക്കുന്നു.

(തുടരും)



ഞങ്ങളുടെ എല്ലാ ഉയർച്ചകളിലും താഴ്ചകളിലും സുഖ ദുഃഖങ്ങളിലും ആദ്ധ്യാത്മികസാധനകളിലും എപ്പോഴും ഒരു നിഴലായി ഞങ്ങളുടെ കൂടെ കഴിഞ്ഞ പത്തുവർഷമായി ഉണ്ടായിരുന്നവനും ഞങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടവനുമായിരുന്ന രുരു നവംബർ 28 (ശനിയാഴ്ച) ഉച്ചയ്ക്ക് 1.15 ന് ശിവപദം പ്രാപിച്ച വിവരം നിങ്ങളെ എല്ലാവരേയും വ്യസനസമേതം അറിയിക്കുന്നു. രുരുവായി രൂപമെടുത്ത് പ്രാപഞ്ചിക അനുഭവങ്ങളെ മതിയാവോളം ആസ്വദിച്ച ശേഷം ശിവൻ തന്റെ വേഷം അഴിച്ചുവച്ചതാണ് രുരുവിന്റെ ദേഹവിയോഗം എന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു. രുരുവിന്റെ പാവനസ്മരണയ്ക്കുമുന്നിൽ ശ്രീപുരം ട്രസ്റ്റിലെ അംഗങ്ങളുടെ കണ്ണീരിൽ കുതിർന്ന ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.

***ന ജായതേ മ്രിയതേ വാ കദാചിന്നായം ഭൂത്വാ***
***ഭവിതാ ന ഭൂയഃ***
***അജോ നിത്യഃ ശാശ്വതോയം പുരാണോ ന***
***ഹന്യതേ ഹന്യമാനേ ശരീരേ.***

RNI Registration Number – KERMAL/2012/56910



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda, Thrissur, Kerala,680712. Editor: D.Prakash